No. [illegible] JUNE 2006

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 198 JUNE 2006

EDITORIAL BOARD

*Chief Editor*
**Dr. S. JAYARAJ KUMAR**

*Managing Editor*
**Dr. V. JAYAKUMAR**

*Assistant Editor*
**Dr. G. S. SURESH**

*Members*
A. Kuttykrishnan
R. Mohanakumar
P. Reghunath
T.A. Ushakumari
Dr. K. Balachandran Nair
M.S.Vasanthakumar
Dr. C.R.Prasad
Mathew J. Muttath
N.Rajan
Soman Nadar
Kavumbai Balakrishnan
P. Sivadasan
S. Vijayan Nair
I.G. Shibi
Pramod Vellachal

visit www.akpcta.org




# inside 198

Who is Afraid of Reservation
*Thomas Joseph*
•
48-ാം സംസ്ഥാന സമ്മേളനം- റിപ്പോർട്ട്
•
പാമ്പിൻകാവ് മുതൽ പാനപാത്രം വരെ
എം. എസ്. വസന്തകുമാർ
•
ഇലകൾ ചോദിക്കുന്നത്
വി.കെ. എൻ. കൈമൾ
•
Editorial
•
Economic Focus
•
സർവ്വീസ് പംക്തി
•
ശാസ്ത്രജാലകം
•
ജില്ലാവാർത്തകൾ
•
Judgment
•
നിവേദനങ്ങൾ
•
സമരപഥങ്ങൾ
•
സർക്കാർ ഉത്തരവുകൾ
•
AIFUCTO News

# ഇതുതന്നെയാണ് നാം പ്രതീക്ഷിച്ചിരുന്നത്; കേരള ജനതയും

നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നേടിയത് തിളക്കമാർന്ന വിജയം. കേരളവും വംഗനാടും ചരിത്രമൊന്നുകൂടി എഴുതിച്ചേർത്തു.

അഞ്ചാണ്ടുകളായി കേരള ജനത അടക്കിവച്ച അമർഷം തെരഞ്ഞെടുപ്പിൽ അണപൊട്ടിയൊഴുകുകയായിരുന്നു. കേരളത്തിൻെറ മണ്ണും പുഴയും വനവും ആഗോള കുത്തകത്തമ്പ്രാക്കൾക്ക് അടയറവച്ചതിനെ എതിർത്തവരെ വാരിപ്പുണരാൻ കാണിച്ച ആവേശം കേരളമക്കളുടെ പ്രബുദ്ധതയുടെ നിദർശനമായി. പെൺവാണിഭ- ചന്ദന- കരിമണൽ- ബ്ളേഡ്- ഭവനഭേദന മാഫിയകളുടെ ബീഭത്സമായ പകർന്നാട്ടത്തിന് തിരശ്ശീല വീണപ്പോൾ ആശ്വാസത്തിൻെറ കുളിർക്കാററ് ദൈവത്തിൻെറ സ്വന്തംനാട്ടിൽ വീണ്ടും വീശിത്തുടങ്ങി. കെടുതികളുടെ ആത്മഹത്യാമുനമ്പിൽ ജീവിതം ഹോമിച്ച ആയിരക്കണക്കിന് കർഷകകുടുംബങ്ങളുടെ ദുരിതങ്ങൾക്ക് ആശ്വാസമായി.

പ്രതികാരദാഹം തീർക്കാനെന്നപോലെയായിരുന്നു ആൻറണി- ചാണ്ടി സർക്കാരുകൾ ഉന്നതവിദ്യാഭ്യാസത്തെ കൈകാര്യം ചെയ്തത്. എയ്ഡഡ്- സർക്കാർ കോളജുകൾ അവർക്ക് കണ്ണിലെ കരടായിരുന്നു; അൺ എയ്ഡഡ് മാനേജ്മെൻറുകൾ മാനസപുത്രന്മാരും. ആധുനിക വിജ്ഞാനശാഖയിലെ പുത്തൻ കോഴ്സുകൾ അൺ എയ്ഡഡ് കോളജുകളിലും എയ്ഡഡ് കോളജുകളിലെ അൺ-എയ്ഡഡ് കോഴ്സുകളിലുമായി പരിമിതപ്പെടുത്തി. സാമ്പത്തികസവർണർ മാത്രം ഉന്നതവിദ്യാഭ്യാസം നേടിയാൽമതിയെന്ന അവസ്ഥ സൃഷ്ടിച്ചു. മുൻ എൽ. ഡി. എഫ് സർക്കാർ നൽകിയ കോഴ്സുകളിലേയ്ക്കൊന്നും അദ്ധ്യാപകനിയമനം പാടില്ലെന്നു നിഷ്കർഷിച്ചു. ആവശ്യത്തിനു അദ്ധ്യാപകരില്ലാതെ അനാകർഷകമാക്കപ്പെട്ട കാമ്പസ്സുകളിൽ അനീതികൾക്കെതിരേ, ചാട്ടുളിപോലെ പ്രതികരിച്ചിരുന്ന വിദ്യാർത്ഥി സംഘടനകളുടേയും കലാശാല യൂണിയനുകളുടേയും പ്രവർത്തനത്തെ നിർവീര്യമാക്കാൻ പൊലീസിനെ ഉപയോഗിച്ചു നടത്തിയ തേർവാഴ്ച ഭയാനകമായിരുന്നു. ഇതിനെതിരെ കേരള ജനത പ്രതികരിച്ചപ്പോൾ മുൻ വിദ്യാഭ്യാസമന്ത്രി ഇ.ടി. മുഹമ്മദു ബഷീർ തോററു തുന്നംപാടി.

തകർത്തെറിയപ്പെട്ട ഉന്നത വിദ്യാഭ്യാസരംഗം പുനഃസൃഷ്ടിക്കണം. വിദ്യാഭ്യാസ വാണിഭക്കാരിൽ നിന്ന് മോചിപ്പിക്കണം. വേണ്ടത്ര അദ്ധ്യാപകരില്ലാത്ത കാമ്പസ്സുകളുടെ അനാഥാവസ്ഥയ്ക്ക് മാററംവരണം. സർവോപരി സാമൂഹ്യനീതിയും മെരിററും പ്രഥമസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്ന വിദ്യാഭ്യാനയം കേരളത്തിലുണ്ടാകണം.

നമ്മുടെ പ്രതീക്ഷകൾക്ക് ചിറകുമുളയ്ക്കുന്ന അവസ്ഥയാണ് വന്നെത്തിയിരിക്കുന്നത്. മുന്നണിയിലെ മുഖ്യകക്ഷിയുടെ കൈയ്യിൽ വിദ്യാഭ്യാസം ലഭിച്ചിരിക്കുന്നു. കൃത്യമായ ലക്ഷ്യവും മാർഗ്ഗവുമുള്ള കക്ഷിയും മന്ത്രിയും വിദ്യാഭ്യാസം കൈകാര്യം ചെയ്യുമ്പോഴുള്ള മാററം കണ്ടു തുടങ്ങി. പ്രൊഫഷണൽ കോഴ്സുകളുടെ അഡ്മിഷനിൽ നിലനിന്ന അനിശ്ചിതാവസ്ഥ കഴിഞ്ഞ അഞ്ചാണ്ടുകളായി പരിഹരിക്കാൻ കഴിയാതിരുന്നത് തീർപ്പാക്കപ്പെട്ടത് ദിവസങ്ങൾ കൊണ്ട്. ഇത് അത്ഭുതമല്ല, പുതിയ സർക്കാരിന്റെ ഇച്ഛാശക്തിയാണ്. ഇത്തരത്തിൽ ഉറച്ച ചുവടുകളുമായി മുന്നേറുന്ന സർക്കാരിനും വിദ്യാഭ്യാസമന്ത്രിക്കും എ.കെ.പി.സി.ടി.എ. യുടെ പിൻതുണ മുന്നുപാധികളില്ലാത്തതാണ്.

# എ.കെ.പി.സി.ടി.എ. പ്രവർത്തക സമിതി തീരുമാനങ്ങൾ

### 6-4-2006 ലെ പ്രവർത്തക സമിതി

6-4-2006 വൈകിട്ട് 6 മണിക്ക് തലശ്ശേരി സംഗമം ടൂറിസ്ററ് ഹോമിൽ ചേർന്ന ആദ്യത്തെ പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ. കുട്ടിക്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് കാലയളവിൽ സംഘടന നൽകിയ നിവേദനങ്ങൾ സംബന്ധിച്ച് സെക്രട്ടറി റിപ്പോർട്ടു ചെയ്തു. കോളജ് അദ്ധ്യാപകരുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം ഡി. എ. യുടെ 50% ലയിപ്പിക്കുവാൻ വേണ്ട നടപടികളുണ്ടാകണമെന്നാവശ്യപ്പെട്ട് AKPCTA, AKGCT, FUTA സംഘടനകൾ സംയുക്തമായി വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം നൽകി. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം മൂലം ലഭിക്കേണ്ട പുതുക്കിയ HRA കോളജ് അദ്ധ്യാപകർക്കും ലഭ്യമാക്കാൻ വേണ്ട നടപടി ഉണ്ടാകണമെന്നാവശ്യപ്പെട്ടും വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. സർവകലാശാലാ പരീക്ഷാ ജോലികളിൽ ഏർപ്പെടുന്ന അദ്ധ്യാപകർക്ക് പുതുക്കിയ ഡി. എ. അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കണമെന്നാവശ്യപ്പെട്ട് നാല് സർവകലാശാലകൾക്കും നിവേദനം നൽകി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടന്ന വിശദമായ ചർച്ചകൾക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

കാലിക്കററ് സർവകലാശാലയിലെ വിവിധ ബോർഡ്.ഓഫ് സ്ററഡീസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഏകോപിത നിലപാടുണ്ടാക്കാൻ AKPCTA, AKGCT, ACT എന്നീ സംഘടനകളുടെ നേതാക്കൾ യൂണിവേഴ്സിററി തലത്തിൽ കൂട്ടായി യോഗം ചേർന്ന് ചർച്ച ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണം. ഓരോ ബോർഡ് മീററിംഗിന് മുമ്പും സംയുക്ത യോഗം ചേർന്ന് അജണ്ട ചർച്ച ചെയ്യാൻ AKPCTA മുൻകൈയെടുക്കണം. AKPCTA അംഗങ്ങളായ ബോർഡ് ഓഫ് സ്ററഡീസ് അംഗങ്ങളുടെ യോഗം വിളിച്ചു ചേർത്ത് ഈ വിഷയം ചർച്ച ചെയ്യണം.

ശമ്പള ബില്ലുകളോടൊപ്പം അധ്യാപകരുടെ ഹാജർ പുസ്തകത്തിന്റെ ഫോട്ടോസ്ററാററ് Dy DCE Office ൽ കൊടുക്കേണ്ടതില്ല.

DP Agreement അനുസരിച്ച് ശമ്പള ബില്ലിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ടു ചെയ്യാൻ സർവീസ് സെല്ലിനെ ചുമതലപ്പെടുത്തി.

പ്രവർത്തക സമിതിയിലേക്ക് താഴെപ്പറയുന്നവരെ നോമിനേററ് ചെയ്തു.

പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ, എം. ജി. കോളജ്, തിരുവനന്തപുരം

പ്രൊഫ. കെ. ശശിധരൻ, എസ്. എൻ. ജി. കോളജ്, ചേളന്നൂർ

പ്രൊഫ. തോമസ് ജോസഫ്, കെ. ഇ. കോളജ്, മാന്നാനം

സർവീസ് സെൽ കൺവീനറായി പ്രൊഫ. കെ. എസ്. ജയചന്ദ്രൻ, കേരള വർമ്മ കോളജ്, തൃശൂർ, ലീഗൽസെൽ കൺവീനർ ആയി പ്രൊഫ. സലിംകുമാർ, എസ്. എൻ. എം. കോളജ്, മാലിയൻകര അക്കാഡമിക് കമ്മിററി കൺവീനറായി ഡോ. രാജൻ വർഗീസ്, യു. സി. കോളജ്, ആലുവ, കേരള പ്രൈവററ് കോളജ് ടീച്ചർ ചീഫ് എഡിററായി ഡോ. എസ്. ജയരാജ് കുമാർ (എസ്. എൻ. കോളജ്, വർക്കല) എന്നിവരെ നോമിനേററ് ചെയ്തു. ഇവരിൽ സർവീസ് സെൽ കൺവീനറെയും ചീഫ് എഡിററെയും ആവശ്യാനുസരണം പ്രവർത്തകസമിതി യോഗത്തിൽ ക്ഷണിക്കാൻ തീരുമാനിച്ചു.

എം. ജി. യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന സംഘടനാംഗങ്ങളെ സ്ഥാനാർത്ഥികളാക്കാൻ പ്രവർത്തക സമിതി ചർച്ച ചെയ്ത് തീരുമാനിച്ചു.

1. ഡോ. പി. എസ്. മോഹൻകുമാർ, എസ്. എസ്. കോളജ്, കാലടി
2. ഡോ. രാജൻ വർഗീസ്, യു. സി. കോളജ്, ആലുവ
3. പ്രൊഫ. എം. പി. വിജയലക്ഷ്മി, സെന്റ് സേവിയേഴ്സ് കോളജ്, ആലുവ
4. പ്രൊഫ. സെബാസ്ററ്യൻ കെ. ആന്റണി, സെന്റ് ആൽബർട്ട്സ് കോളജ്, എറണാകുളം
5. പ്രൊഫ. വി. എം. ജോർജ്, എസ്. എച്ച്. കോളജ്, തേവര
6. പ്രൊഫ. കെ. പി. സുകുമാരൻ നായർ, സെന്റ് ഡൊമിനിക് കോളജ്, കാഞ്ഞിരപ്പള്ളി
7. പ്രൊഫ. എ.എസ്.വർഗീസ്, സി.എം.എസ്. കോളജ്, കോട്ടയം

8. പ്രൊഫ. കെ. രാധാകൃഷ്ണൻ നായർ, എസ്. വി. ആർ. എൻ. എസ്. എസ്. കോളജ്, വാഴൂർ
9. പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ, കെ. ഇ. കോളജ്, മാന്നാനം
10. പ്രൊഫ. രാജൻ ജോർജ് പണിക്കർ, കെ. ജി. കോളജ്, പാമ്പാടി
11. പ്രൊഫ. കെ. ഇ. എബ്രഹാം, എസ്. ബി. കോളജ്, ചങ്ങനാശ്ശേരി
12. പ്രൊഫ. മോട്ടി തോമസ് സക്കറിയ, സെന്റ് സ്റ്റീഫൻസ് കോളജ്, ഉഴവൂർ
13. പ്രൊഫ. രാജശേഖരൻ പിള്ള, ഡി. ബി. പമ്പാ കോളജ്, പരുമല
14. ഡോ. ഡാനിയൽകുട്ടി. കെ സെന്റ് തോമസ് കോളജ്, കോഴഞ്ചേരി

കൂടാതെ എം. എ. കോളജ് ഓഫ് എഞ്ചിനീയറിംഗിലെ ബ്രാഞ്ചുമായി ആലോചിച്ച് ഒരാളെക്കൂടി സ്ഥാനാർത്ഥിയാക്കാൻ തീരുമാനിച്ചു.

പ്രൊഫ. തോമസ് ജോസഫ് കൺവീനറും എം. ജി. സർവകലാശാലാ മേഖലയിലെ പ്രവർത്തക സമിതി അംഗങ്ങൾ അംഗങ്ങളുമായ തെരഞ്ഞെടുപ്പു കമ്മിറ്റി തെരഞ്ഞെടുപ്പു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്.

കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വിജയത്തിനു വേണ്ടിയുള്ള പ്രവർത്തനത്തിൽ സംഘടനാ അംഗങ്ങൾ ഏർപ്പെടണം.

എൻ. എസ്. എസ്. മാനേജുമെന്റുമായി ചർച്ച ആവശ്യപ്പെട്ടു കത്തു നൽകാൻ തീരുമാനിച്ചു.

## 27-5-2006 ലെ പ്രവർത്തക സമിതി

27-5-2006 ൽ എ. കെ. പി. സി. ടി. എ. ആഫീസിൽ വച്ചു കൂടിയ പ്രവർത്തകസമിതി യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. എ. പി. കുട്ടിക്കൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി പ്രൊഫ. ആർ. മോഹൻകുമാർ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്തു. ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുമായി ബന്ധപ്പെട്ട് ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന കുടിശ്ശിക ബില്ലുകൾ, പ്ളേസ്മെന്റ് തുടങ്ങിയവയുടെ വിശദാംശങ്ങൾ അടിയന്തിരമായി ശേഖരിക്കുവാൻ തീരുമാനിച്ചു. കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ജൂൺ ആദ്യവാരത്തിൽ ആ മേഖലയിലെ പ്രവർത്തനസമിതി അംഗങ്ങൾ യോഗം ചേർന്ന് വിലയിരുത്തുകയും രണ്ടാമത്തെ ആഴ്ചയിൽ കോഴിക്കോട് ഡെ. ഡയറക്ടറാഫീസിനു മുമ്പിൽ സമര പരിപാടികൾ നടത്തുകയും വേണം. എം. ജി. യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി സംഘടന തീരുമാനിച്ചിരുന്ന പ്രൊഫ. മോട്ടി തോമസ് (സെന്റ് സ്റ്റീഫൻ കോളജ്, ഉഴവൂർ) ആരോഗ്യപരമായ കാരണങ്ങളാൽ മത്സരിക്കാൻ സന്നദ്ധനല്ല എന്നറിയിച്ച സാഹചര്യത്തിൽ അതേ കോളജിലെ തന്നെ പ്രൊഫ. ഫിലിപ്പ് ചാക്കോയെ സ്ഥാനാർത്ഥിയാക്കുവാനും എം. എ. എഞ്ചിനീയറിംഗ് കോളജിലെ പ്രൊഫ. പോൾസൺ ജോണിനെ സ്ഥാനാർത്ഥിയാക്കുവാനും ഉള്ള സബ്കമ്മിറ്റി തീരുമാനങ്ങൾ പ്രവർത്തകസമിതി അംഗീകരിച്ചു.

എം. ജി. സർവകലാശാലയിൽ മിനിട്ട്സ് തിരുത്തിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തുടർന്ന് നടത്തേണ്ടതാണ്.

## വനിതാ സബ് കമ്മിറ്റി

എ. കെ. പി. സി. ടി. എ. വൈസ് പ്രസിഡന്റ് പ്രൊഫ. റ്റി. എ. ഉഷാകുമാരി (കേരള വർമ്മ കോളജ്, തൃശൂർ) കൺവീനറായി സംസ്ഥാന വനിതാ സബ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു. വനിതാ സബ്കമ്മിറ്റി ജില്ലാ കൺവീനറന്മാർ സംസ്ഥാന വനിതാ സബ്-കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

## സബ് കമ്മിറ്റികൾ

പ്രൊഫ. എം. സഫറുദ്ദീൻ (സെക്രട്ടറി, എ. കെ. പി. സി. ടി. എ) കൺവീനറായി ആയുർവേദ കോളജ് സബ്കമ്മിറ്റിയും, പ്രൊഫ. സുകുമാരൻ നായർ (കോട്ടയം ജില്ലാ സെക്രട്ടറി, എ. കെ. പി. സി. ടി. എ.) കൺവീനറായി ഹോമിയോ കോളജ് സബ് കമ്മിറ്റിയും പ്രൊഫ. കെ. വിജയധരൻ (സെക്രട്ടറി, എ. കെ. പി. സി. ടി. എ.) കൺവീനറായി എഞ്ചിനീയറിംഗ് കോളജ് സബ്കമ്മിറ്റിയും രൂപീകരിച്ചു.

## മെമ്പർ ഷിപ്പ്

മാറിയ സാഹചര്യം പ്രയോജനപ്പെടുത്തി, പരമാവധി അധ്യാപകരെ എ. കെ. പി. സി. ടി. എ. അംഗങ്ങളാക്കണം. ജൂൺ മാസത്തിൽ തന്നെ മെമ്പർഷിപ്പ് സമാഹരിക്കണം.

## ലീഗൽ ആക്ഷൻ ഫണ്ട്

സർവകലാശാലകളിലെ നിയമവിരുദ്ധ നടപടികൾക്കെതിരെയും പ്രിൻസിപ്പൽ നിയമനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടും നിരവധി കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് അംഗമൊന്നിന് 50 രൂപ ലീഗൽ ആക്ഷൻ ഫണ്ടിലേക്ക് നൽകണം. കൊട്ടാരക്കര എസ്. ജി. കോളജിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെ പരിഗണനയിലുള്ള കേസി

ന്റെ പൊതുസ്വഭാവം പരിഗണിച്ച് നിലവിലുള്ള കേസ് ഏറ്റെടുത്തു നടത്തുവാനും ഇനിയുള്ള ചിലവ് സംഘടന നേരിട്ട് വഹിക്കുവാനും തീരുമാനിച്ചു.

## സർവകലാശാലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ

മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പിൽ പരമാവധി അംഗങ്ങളെ വിജയിപ്പിച്ചെടുക്കാൻ കൂട്ടായ പ്രവർത്തനം നടത്തണം.

എം. ജി. സർവകലാശാലയുടെ നിയമവിരുദ്ധ നടപടികൾക്കും അഴിമതിയ്ക്കുമെതിരെയും പ്രസ്തുത സർവകലാശാലയിലെ അഫിലിയേറ്റഡ് കോളജുകളിൽ നടക്കുന്ന നിയമനിഷേധത്തിനെതിരെയും സമരമാരംഭിക്കണം. ജൂൺ 14 ന് കോളജുകൾക്ക് മുന്നിൽ ധർണയും, ജൂൺ 24 ന് എം. ജി. സർവകലാശാലയിലേക്ക് മാർച്ചും ധർണയും നടത്തും. കോളജുകൾക്കു മുന്നിലെ ധർണയ്ക്ക് പ്രവർത്തകസമിതി അംഗങ്ങളും സംസ്ഥാനക്കമ്മിററി അംഗങ്ങളും നേതൃത്വം നൽകണം.

കേരള - കോഴിക്കോട് സർവകലാശാലകൾ എത്രയും പെട്ടെന്നു ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കണമെന്നും, ജൂണിൽ കാലാവധി അവസാനിക്കുന്ന കണ്ണൂർ സർവകലാശാലയുടെ പുനഃസംഘടന അടിയന്തിരമായി നടത്തണമെന്നും സർക്കാരിനോട് ആവശ്യപ്പെടണം. കണ്ണൂർ എം. ജി. സർവകലാശാലാ ഭരണസമിതികളും തുടർന്ന് ജനാധിപത്യരീതിയിൽ പുനഃസംഘടിപ്പിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

കേരള സർവകലാശാലയുടെ കോഴ്സുകൾ ഗൾഫു നാടുകളിൽ തുടങ്ങാനുള്ള സർവകലാശാലാ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ജൂൺ 3-ാം തീയതി സർവകലാശാലയ്ക്കു മുന്നിൽ പ്രക്ഷോഭം സംഘടിപ്പിക്കണം.

## സർവീസ് സംബന്ധമായ വിഷയങ്ങൾ

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ച് പല കോളജുകളിലെയും അദ്ധ്യാപകർക്ക് ലഭിച്ചുകൊണ്ടിരുന്ന HRA ആനുകൂല്യങ്ങളിലുണ്ടായ കുറവ് പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം നൽകാൻ തീരുമാനിച്ചു. വിവിധ Dy DCE ഓഫീസുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോളജുകളിൽ നിന്ന് ശേഖരിക്കാൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി. ഈ പ്രശ്നങ്ങൾ DC യുടേയും വിവിധ Dy DC മാരുടേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കാൻ ശ്രമിക്കണം. ഫലപ്രദമായില്ലെങ്കിൽ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കണം.

എഞ്ചിനീയറിംഗ് കോളജുകളുടെയും ഹോമിയോ കോളജുകളുടെയും സബ് കമ്മിററികൾ അതാതു കൺവീനർമാർ വിളിച്ചു ചേർക്കണം. പരിഹരിക്കപ്പെടാതെ കിടക്കുന്ന വിഷയങ്ങൾ എത്രയും വേഗം അനുകൂലമായ തീരുമാനമുണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

റിഫ്രഷർ കോഴ്സിനു പോകാനുള്ള കാലാവധി ദീർഘിപ്പിക്കുവാൻ UGC യ്ക്ക് നിവേദനം നൽകണം. പ്രൈവററ് കോളജധ്യാപകർക്കും ജീവനക്കാർക്കും പലിശരഹിത വായ്പ ലഭിക്കുന്നതിനുള്ള വകുപ്പുകൾ സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ടു ചെയ്യാൻ സർവീസ് സെൽ കൺവീനറെ ചുമതലപ്പെടുത്തി.

## അക്കാദമിക് കമ്മിററി

ഡിഗ്രി സെമസ്ററൈസേഷനുവേണ്ടി സിലബസ് പരിഷ്ക്കരണ ശില്പശാലകൾ സംഘടിപ്പിക്കൽ, പരീക്ഷാ പരിഷ്ക്കരണം സംബന്ധിച്ച് പഠനം നടത്തൽ, പി. ജി. കരിക്കുലം റിവ്യൂ, ഇവ മൂന്നും ഈ വർഷത്തെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തണം.

## ജേർണൽ

ജേർണൽ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട സാമ്പത്തികനഷ്ടം ഒഴിവാക്കാൻ ബ്രാഞ്ചുകൾ പരസ്യം ശേഖരിച്ചു നൽകണം. 1500 രൂപയിൽ കുറയാത്ത പരസ്യം ഓരോ ബ്രാഞ്ചും ശേഖരിക്കണം. ഏതേതു മാസങ്ങളിലാണ് ബ്രാഞ്ചുകൾ ഇവ ശേഖരിച്ചു നൽകേണ്ടതെന്ന് ജില്ലാക്കമ്മററികൾ നിശ്ചയിച്ച് ചീഫ് എഡിററെ അറിയിക്കണം. ഇത് ഫലപ്രദമായി നിർവഹിക്കുന്നതിന് നിരന്തരമായ നിരീക്ഷണവും മേൽനോട്ടവും ചീഫ് എഡിററർ നടത്തണം.

## കെട്ടിടഫണ്ട്

മൂന്നാം നിലയിലെ സെമിനാർ ഹാളിന്റെ ഉദ്ഘാടനം എത്രയും പെട്ടെന്ന് നിർവഹിക്കാൻ കഴിയുന്ന വിധത്തിൽ പണികൾ പൂർത്തിയാക്കണം. ബ്രാഞ്ചുകളിൽ നിന്ന് ലഭിക്കേണ്ട കെട്ടിടഫണ്ട് എത്രയും പെട്ടെന്ന് പിരിച്ചെടുക്കാൻ ജില്ലാ സെക്രട്ടറിമാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.

## എഫെക്ടോ

ഫെഫക്ടോ മുഖപത്രമായ Teachers Movement ഒരു ബ്രാഞ്ചിൽ ഒരെണ്ണമെങ്കിലും വരുത്തണം. എല്ലാ സംസ്ഥാനക്കമ്മിററി അംഗങ്ങളും ഇതിന്റെ വരിക്കാരാകണം.

എം. ജി. സർവകലാശാലാ സെനററ് തെരഞ്ഞെടുപ്പിൽ സ്വകാര്യകോളജ് അനദ്ധ്യാപക മണ്ഡലത്തിൽ മത്സരിക്കുന്ന KNTSU സ്ഥാനാർത്ഥി ശ്രീ. തോമസ് വർഗീസിനെ വിജയിപ്പിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ബ്രാഞ്ചുകളിൽ നിന്നുണ്ടാകണം.


റിപ്പോർട്ട്

# എ.കെ.പി.സി.ടി.എ. 48–ാം സംസ്ഥാന സമ്മേളനം

2006 മാർച്ച് 10,11,12

ശ്രീഭദ്രാ ആഡിറേറാറിയം, തിരുവല്ല

48–ാം സംസ്ഥാന സമ്മേളനം, പ്രവർത്തക സമിതി, സംസ്ഥാന കമ്മിററി യോഗങ്ങളോടെ രാവിലെ ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് പതാക ഉയർത്തി. ഉച്ചയ്ക്ക് ശേഷം ആരംഭിച്ച പ്രതിനിധി സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സംഘടനാ – പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 2005–2006 വർഷത്തെ വരവ് ചെലവ് കണക്കുകൾ ട്രഷറർ പ്രൊഫ. കെ. ശശിധരൻ അവതരിപ്പിച്ചു. സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. CBSE ചോദ്യപേപ്പർ ചോർച്ചയും S. S. L. C. പരീക്ഷാ നടത്തിപ്പിലെ കെടുകാര്യസ്ഥതയും യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. ദേശീയ പൊതുപണിമുടക്കിൽ പങ്കെടുത്തതിന്റെ ഭാഗമായി ആറു സർക്കാർ ജീവനക്കാരെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ട സർക്കാർ നടപടിയിൽ യോഗം ശക്തമായി പ്രതിഷേധിച്ചു.



## ഉദ്ഘാടന സമ്മേളനം

എ. കെ. പി. സി. ടി. എ. യുടെ സംസ്ഥാന സമ്മേളനത്തിന്റെ രണ്ടാം ദിവസമായ 11.3.2006 ശനിയാഴ്ച രാവിലെ 10.30 ന് പ്രതിനിധി സമ്മേളനം തിരുവല്ല ശ്രീഭദ്രാ ഓഡിറേറാറിയത്തിൽ ആരംഭിച്ചു.

സംഘടനാ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ ചരിത്രം തിരുവല്ലയിൽ ആരംഭിക്കുന്നു. മല്ലപ്പള്ളിയിലും പുല്ലാട്ടും തുകലശ്ശേരിയിലും സ്ഥാപിതമായ സ്കൂളുകളെക്കുറിച്ചും അദ്ദേഹം അനുസ്മരിച്ചു. പുല്ലാട്ട് ലഹളക്ക് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ വലിയ പങ്കുണ്ട്. സാമ്പത്തികമായി വളരെ മുന്നിട്ടു നില്ക്കുന്ന പ്രദേശമാണ് തിരുവല്ല. ഇതിന് കാരണമായി തീർന്നത്, ഈ പ്രദേശത്ത് ഒരു കാലത്ത് നിലനിന്നിരുന്ന സാമൂഹിക നീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

എന്നാൽ ഇന്ന് ചരിത്രം മാററി എഴുതിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് വാണിജ്യവൽക്കരണം തിരുവല്ലയിലും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി വികസനത്തിന് സമാന്ത



*സമ്മേളനം പ്രൊഫ. ഐജാസ് അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു.*

രമായി ദാരിദ്ര്യവും വർദ്ധിച്ചുവരുന്നു.

ആഗോള ഏജൻസികൾക്ക് വിദ്യാഭ്യാസ കച്ചവടം നടത്തുന്നതിനുള്ള മാർക്കററായി കേരളത്തെ മാററിക്കൊണ്ടിരിക്കുന്നു. സ്വാശ്രയത്തിന്റെ മറവിൽ, വിദ്യാഭ്യാസം കുത്തകകളുടെ കച്ചവടച്ചരക്കാക്കി തീർത്തുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് കോത്താരി കമ്മീഷൻ പറഞ്ഞത് അക്കാഡമിക് സ്വാശ്രയത്തെക്കുറിച്ച് മാത്രമാണ്. സാമ്പത്തിക സ്വാശ്രയത്വം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയാൽ സാധാരണക്കാർ പ്രാന്തവല്ക്കരിക്കപ്പെടും. അതിനാൽ സബ്സിഡി നിലനിർത്തി പാവങ്ങളുടെ താല്പര്യങ്ങൾ ഗവൺമെന്റ് സംരക്ഷിക്കണം. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. ഒരു വ്യക്തമായ വിദ്യാഭ്യാസ രൂപരേഖ തയ്യാറാക്കുകയും അത് നടപ്പാക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അദ്ധ്യക്ഷപ്രസംഗം സംഗ്രഹിച്ചു.

1989-ൽ തിരുവല്ലയിൽ നടന്ന എ. കെ. പി. സി. ടി. എ. യുടെ സംസ്ഥാന സമ്മേളനത്തിന്റെ സ്മരണകൾ അയവിറക്കിക്കൊണ്ടാണ് അഡ്വക്കേററ് അനന്തഗോപൻ സ്വാഗതപ്രസംഗം ആരംഭിച്ചത്. ജാതി-മത-വർഗ സംഘടനകൾ ആഴത്തിൽ വേരോട്ടം ഉള്ള ജില്ലയാണ് പത്തനംതിട്ട. ഇതു നിമിത്തം തൊഴിലാളി സംഘടനകൾക്ക് അതീവ പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾക്ക് പത്തനംതിട്ട ജില്ലയുടെ പങ്ക് വളരെയാണ്. ഇവിടെ ഒട്ടേറെ വിദ്യാർത്ഥികളും തൊഴിലാളികളും രക്തസാക്ഷിത്വം വഹിക്കേണ്ടി വന്നു. വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് പങ്കാളിത്തം പത്തനംതിട്ട ജില്ലയിൽ വളരെ കുറവാണ്. ഗവൺമെന്റിന്റെ ശ്രദ്ധ ഈ രംഗത്ത് കൂടുതൽ പതിയണം. ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളുടേയും, സഹയാത്രികരുടേയും ശക്തിപൂർവ്വമായ ഇടപെടലുകൾ കേരളത്തിൽ ഒട്ടേറെ പരിവർത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

പ്രൊഫ. ഐജാസ് അഹമ്മദ് (വിസിററിംഗ് പ്രൊഫസർ, സെന്റർ ഫോർ പൊളിററിക്കൽ സ്ററഡീസ്, ജവഹർലാൽ നെഹ്റു യൂണിവേഴ്സിററി ന്യൂഡെൽഹി & സീനിയർ എഡിറേറാറിയൽ കൺസൾട്ടന്റ്, ഫ്രണ്ട് ലൈൻ) സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് 'യു. പി. എ. ഗവൺമെന്റും സാമ്രാജ്യത്വ അജണ്ടയും' എന്ന വിഷയം സംബന്ധിച്ച് പ്രഭാഷണം നടത്തി.

നമ്മുടെ പ്രധാനമന്ത്രി മൻമോഹൻ സിംഗ്, ധനമന്ത്രി ചിദംബരം, സാമ്പത്തിക ശാസ്ത്രജ്ഞൻ അലുവാലിയ എന്നിവർ അമേരിക്കയുടെ പ്രതിപുരുഷന്മാരാണ് എന്ന് പറഞ്ഞുകൊണ്ടാണ്, ഐജാസ് പ്രഭാഷണം ആരംഭിച്ചത്. ഇവർ അമേരിക്കയിൽ വിദ്യാഭ്യാസം നടത്തുകയും ആ സാമ്രാജ്യത്വശക്തിയുടെ കീഴിൽ പരിശീലനം നേടുകയും ചെയ്തവരാണ്.

നമ്മുടെ രാജ്യത്ത് നിലവിലുണ്ടായിരുന്നത് സാമൂഹിക നീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതി ആയിരുന്നു. എന്നാൽ, ആ പാരമ്പര്യ സമ്പ്രദായ

ത്തിന് വലിയ മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു. യു. ജി. സി. യുടെ നിയന്ത്രണത്തിൽ ഇവിടെ ഒട്ടേറെ സ്വകാര്യ കോളജുകൾ ഉണ്ട്. ഈ കോളജുകൾ തങ്ങളുടെ താല്പര്യ പ്രകാരം ഒട്ടേറെ സ്വകാര്യ കോഴ്സുകൾ ആരംഭിച്ച് നടത്തിവരുന്നു. ഇതിന് സർക്കാരിന്റെ ഒത്താശ ഉണ്ട്. ഇതോടെ വിദ്യാഭ്യാസ രംഗത്ത് സർക്കാരിനുണ്ടായിരുന്ന അധികാര അവകാശങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇത് രാജ്യത്ത് ദൂരവ്യാപകമായ വിപത്തുകൾ സൃഷ്ടിക്കും.

എയിഡഡ് & അൺ എയിഡഡ് സ്ഥാപനങ്ങൾ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നു. രണ്ടു ധാരകൾ സൃഷ്ടിക്കപ്പെടുകയാണ്. സർക്കാർ സ്വകാര്യ, സെക്ടറിനെ ശക്തീകരിക്കുന്നതിനാണ് ഏറെ താല്പര്യം കാണിക്കുന്നത്. ഇതുവഴി അമേരിക്കൻ ക്യാപ്പിററലിസ്ററ് വ്യവസ്ഥകൾ സർക്കാർ നിരുപാധികം നടപ്പാക്കുന്നു. അതായത് ഈ രാജ്യത്തെ ജനങ്ങളെ അടിയറ വയ്ക്കുകയാണ്.

ഇത് പല വഴികളിൽ സംഭവിക്കുന്നു. പടിഞ്ഞാറൻ രാജ്യങ്ങളിലെ മൂന്നാംകിട യൂണിവേഴ്സിററികൾക്ക് ബ്രാഞ്ചുകൾ ഇൻഡ്യയിൽ - പ്രത്യേകിച്ച് കേരളത്തിൽ ആരംഭിക്കുന്നതിന് ഗവൺമെന്റ് അനുവാദം കൊടുക്കുന്നതിന് തീരുമാനം എടുത്തുകഴിഞ്ഞു. ഇതോടെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പടിഞ്ഞാറിന് അടിയറവെയ്ക്കുകയും ആഗോള കുത്തകകളുടെ താല്പര്യങ്ങൾക്ക് വിട്ടുകൊടുക്കുകയുമാണ് ചെയ്യുന്നത്.

തന്ത്രങ്ങളിലൂടെയും കാപട്യങ്ങളിലൂടെയും ഇലക്ട്രോണിക് മീഡിയയേയും ഇവർ വിലയ്ക്കെടുത്തു കഴിഞ്ഞു. സി. എൻ. എൻ., റിലയൻസ് മുതലായവർ ഇതിലൂടെ ഇൻഡ്യയിലെ പാവം ജനങ്ങളുടെ മനസ്സിൽ ഇംപീരിയലിസമാണ് രാജ്യപുരോഗതിക്ക് ആവശ്യം എന്നൊരു ബോധം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഇതിന്റെ നീരാളിപ്പിടുത്തത്തിന്റെ അനന്തരഫലങ്ങളെപ്പററി പാവം ജനത്തിന് മനസ്സിലാക്കുന്നതിനോ ചിന്തിക്കുന്നതിനോ അവസരം നിഷേധിക്കുകയും ചെയ്യുന്നു.

നമ്മുടെ സർവ്വകലാശാലകളിൽ നിന്ന്. ഹിസ്ററി ഓഫ് എക്കണോമിക് തോട്ട് എന്ന പേപ്പർ എടുത്തുകളഞ്ഞു. ഭാവിയിൽ വിദ്യാർത്ഥികൾക്ക് - ഇൻഡ്യയുടെ ഭാവി പൗരന്മാർക്ക് - ഇത് പഠിക്കുന്നതിനുള്ള അവസരം നിഷേധിക്കപ്പെടുന്നു. അതായത് ചിന്തിക്കുന്നതിനുള്ള അവസരം, ക്യാപ്പിററലിസത്തെ വിമർശിക്കുന്ന പഠനങ്ങൾ തന്ത്രപൂർവം ഗവൺമെന്റ് കലാശാലകളിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇതിനെക്കാൾ ഭയാനകം സൈനിക രംഗത്തെ പരിഷ്കാരങ്ങളാണ്.

ഗ്ലോബലൈസേഷൻ ഓഫ് മിലിട്ടറി, ക്യാപ്പിററലിസം എന്നിവ എൻ. ഡി. എ. ഗവ. നയങ്ങളുടെ പിന്തുടർച്ചയാണ് യു. പി. എ. ഗവ. അനുവർത്തിക്കുന്നത്. 74% വിദേശ നിക്ഷേപം സ്വകാര്യ ബാങ്കുകളിൽ അനുവദിക്കാൻ മൻമോഹൻസിംഗ് - ചിദംബരം കൂട്ടുകെട്ട് തീരുമാനിച്ചിരിക്കുന്നു. 1989-ൽ സോവിയററ് റഷ്യയുടെ പതനത്തോടുകൂടി അമേരിക്ക ലോകത്തിലെ അധീശ ശക്തിയായി വളരുകയും ആഗോള സാമ്രാജ്യത്വത്തിന്റെ സംരക്ഷകരായി സ്വയം ചമയുകയും ചെയ്തു. ഇതിനു വേണ്ടി കൂട്ടുകക്ഷികളെ രൂപപ്പെടുത്തുവാനും സാമ്പത്തിക സൈനിക രംഗത്ത് അവരുടെ സേവനം ലഭ്യമാക്കാനും അവർക്കകഴിഞ്ഞു.

എൻ. ഡി. എ. യ്ക്കും കോൺഗ്രസിനും സാമ്പത്തിക രംഗത്തും മററു അടിസ്ഥാന നയങ്ങളില്ലാത്തതിനാൽ അവർ അമേരിക്കൻ പക്ഷത്തേക്കു ചാഞ്ഞു. അമേരിക്ക ലോകത്ത് രണ്ടു ഗവൺമെന്റുകൾ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കി. യു. എസ്. ൽ അവരുടെ രാജ്യത്തെ ഭരിക്കാൻ ഒരു ഗവൺമെന്റും



*സംസ്ഥാനസമ്മേളന ലോഗോ എ.കെ.പി.സി.ടി.എ പ്രസിഡൻറ് പ്രൊഫ. തോമസ്ജോസഫ് പ്രകാശനംചെയ്യുന്നു.*

ലോക നിയന്ത്രണത്തിന് മറെറാരു ഗവൺമെന്റും. രണ്ടാമത്തെ ഗവൺമെന്റിനെ സഹായിക്കുന്നതിന് യു. എസ്. മിലിട്ടറിയെയും അവർ സജ്ജമാക്കി.

ഇൻഡ്യയുടെ തൊഴിൽ ശക്തിയെ അമേരിക്കയ്ക്ക് അനുകൂലമായി തിരിച്ചു വിട്ടുകൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ ബ്യൂറോക്രാററുകളും ലോകത്തിലെ പുതിയ സാമ്പത്തിക ശക്തികളായ പടിഞ്ഞാറൻ ഏഷ്യയിലെ നവ വ്യവസായ സംരംഭകരും എണ്ണ ശക്തികൾ എന്നറിയപ്പെടുന്ന ഇസ്ലാമുകളും ചൈനയിലെ കൺഫ്യൂഷ്യരും അമേരിക്കയ്ക്ക് കീഴടങ്ങിക്കൊണ്ടിരിക്കുന്നു. ഇവയെല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ശക്തി ഇരട്ടിയായി വർദ്ധിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഒരു സാമ്പത്തിക യുദ്ധം നയിക്കുന്നതിനുള്ള ശക്തിയായി ഇൻഡ്യയെ അമേരിക്ക മാററിയെടുത്തു.

ഇറാഖിലേക്ക് ഇൻഡ്യൻ സേനയെ അയയ്ക്കില്ല എന്ന് വളരെ നേരത്തേ തീരുമാനിച്ചിരുന്നു. ഇത് അമേരിക്ക സന്ദർശിച്ച മുൻ വിദേശകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നതുമാണ്.

യു. എൻ. മായി ചേർന്ന് ഒരു ഡെമോക്രസി സംസ്ഥാപന ഫണ്ട് അമേരിക്ക അടുത്തകാലത്ത് ആരംഭിച്ചു. ഇതിലേക്ക് അമേരിക്കയോടൊപ്പം ഇന്ത്യയും 10 മില്യൻ ഡോളർ സംഭാവന ചെയ്തു എന്നത് വിരോധാഭാസമാണ്. ഒൻപത് യു. എൻ. റഫറണ്ടങ്ങൾ നടത്തിക്കഴിഞ്ഞ പെനിൻസുലായിൽ യു. എസ്. താത്പര്യമുള്ള ഡെമോക്രസി നടപ്പാക്കാനാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. ഇത് യഥാർത്ഥത്തിൽ അമേരിക്കയോടുള്ള ഇന്ത്യയുടെ കീഴലടങ്ങലാണ്. മാത്രവുമല്ല ആണവ പ്രശ്നത്തിൽ അമേരിക്കയോട് ചേർന്ന് ഇന്ത്യ ഇറാനെതിരെ വോട്ട് ചെയ്തതതും സമാന സ്വഭാവമാണ്. അടുത്ത കാലത്ത് അമേരിക്കൻ പ്രസിഡണ്ട് ബുഷ് ഇന്ത്യയിൽ നടത്തിയ സന്ദർശനത്തിന്റെ ലക്ഷ്യവും മറെറാന്നല്ല. ആണവ കരാറുകളിൽ ഒപ്പിടുകയല്ല, പിന്നെയോ ഇറാനെതിരെ സഖ്യകക്ഷികളെ സംഘടിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. പകരമായി കാർഷിക രംഗത്ത് അമേരിക്ക ഇന്ത്യയെ സഹായിക്കുമെന്നത് രസകരമായ സംഭവം തന്നെ. ഇന്ത്യയിലെ തനതായ സസ്യ വർഗങ്ങളെയും അമേരിക്ക സ്വന്തമാക്കുന്നതിനുള്ള നടപടികളും അവർ സ്വീകരിക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ ഇൻഡ്യയിൽ ഡബ്ളിയു. ററി. ഒ. ഗവേഷണവും വിപണനവും സാധ്യമാകുന്നു എന്നുള്ളത് ഇൻഡ്യയുടെ കീഴടങ്ങലിന്റെ മറെറാരു ഉദാഹരണമാണ്.

ഇടതുപക്ഷത്തിന്റെ ഒരു പരിധിവരെയുള്ള സ്വാധീനമാണ് അമേരിക്കൻ - ഇൻഡ്യൻ സംപൂർണ്ണ സഖ്യത്തിന് വിലങ്ങു തടിയായി നിൽക്കുന്നത്. ഏതു സമയത്തും കേന്ദ്രത്തിൽ നിന്ന് ഇടതു സഖ്യത്തെ ഒഴിവാക്കുവാൻ കോൺഗ്രസ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇടക്കാല തെരഞ്ഞെടുപ്പും അവരുടെ മനസ്സിലുണ്ട്. ഈയടുത്ത സമയത്ത് ടൈംസ് ഓഫ് ഇൻഡ്യ നടത്തിയ സർവ്വേ കോൺഗ്രസിന്റെ താത്പര്യങ്ങൾക്ക് നേരിയ പ്രതീക്ഷ നൽകുന്നതാണ്. അടുത്തു നടക്കുന്ന കേരള, ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിനു മുൻതൂക്കം ലഭിക്കുവാനിടയായാൽ ഇടതുപക്ഷത്തെ പൂർണ്ണമായി ഒഴിവാക്കി സാമ്രാജ്യശക്തികൾക്കു കീഴടങ്ങുന്ന ഒരു കോൺഗ്രസ് ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരുത്താൻ ശ്രമിക്കും എന്ന് അദ്ദേഹം പറഞ്ഞു.

എൻ. ജി. ഒ. യൂണിയൻ സെക്രട്ടറി പി. എസ്. സുരേന്ദ്രനാഥ്, കെ. എസ്. ടി. എ. സെക്രട്ടറി എ. കെ. ചന്ദ്രൻ കോൺഫഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ളോയീസ് & വർക്കേഴ്സ് പ്രസിഡന്റ് സി. പി. രവീന്ദ്രൻ, എ. കെ. ജി. സി. ടി. എ. പ്രസിഡന്റ് ചന്ദ്രമോഹൻ, എഫ്. യു. ടി. എ. ജനറൽ സെക്രട്ടറി എ. ആർ. രാജൻ, കെ. ജി. ഒ. എ. ജനറൽ സെക്രട്ടറി ശിവകുമാർ, സി. യു. ഇ. ഒ. ജനറൽ സെക്രട്ടറി ആർ. രാമചന്ദ്രൻ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. എ. കെ. പി. സി. ടി. എ. സെക്രട്ടറി പ്രൊഫ. പദ്മനാഭൻ നന്ദി പ്രകാശിപ്പിച്ചു.

### വിദ്യാഭ്യാസ, സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനവും പ്രൊഫ. ആർ.ആർ.സി. എൻഡോവ്മെന്റ് പ്രഭാഷണവും

എ. കെ. പി. സി. ടി. എ. 48-ാം സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ, സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം 11.03.2006 ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം രണ്ട് മണിയ്ക്ക് സംഘടനാ വൈസ് പ്രസിഡന്റ് പ്രൊഫ. പി. രഘുനാഥിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. എ. കെ. പി. സി. ടി. എ. സെക്രട്ടറി പ്രൊഫ. കെ. കെ. ബാലചന്ദ്രൻ നായർ സ്വാഗത പ്രസംഗം നടത്തി. ഇന്നത്തെ വിദ്യാഭ്യാസ രംഗം ഭീഷണിയെ നേരിടുന്ന ഒരു പ്രത്യേക കാലഘട്ടത്തിലാണ് എ. കെ. പി. സി. ടി. എ. യുടെ 48-ാം സംസ്ഥാന സമ്മേളനം തിരുവല്ലയിൽ ചേരുന്നത് എന്നും ഈ ഭീഷണിയെ നേരിടുന്നതിന് സംഘടനയിലെ എല്ലാ അംഗങ്ങളും ഒരുമിച്ച് അണിചേരണമെന്നും ഉദ്ബോധിപ്പിച്ചു. ഒരു കാലഘട്ടത്തിൽ സംഘടനയ്ക്ക് അനിഷേധ്യമായ നേതൃത്വം നൽകിയ ആർ. ആർ. സി. യെ എല്ലാ സംസ്ഥാന സമ്മേളനങ്ങളിലും അനുസ്മരിക്കുകയും പുതിയ തലമുറയ്ക്ക് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മനസിലാക്കുന്നതിന് അവസരം ഒരുക്കുകയും ചെയ്യുന്നു.



*ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ റിപ്പോർട്ട് അവതരിപ്പിക്കുന്നു.*

അദ്ധ്യക്ഷ പ്രസംഗത്തിൽ വിവിധ ക്ളേശപൂർണ മായ സമരങ്ങളിലൂടെ ദുർഘട കാലഘട്ടത്തിൽ സംഘടനയ്ക്ക് നേതൃത്വം നൽകുന്നതിന് മുന്നിൽ നിന്നു പ്രവർത്തിച്ച നേതാവാണ് ആർ. ആർ. സി. എന്ന് ഓർമ്മിപ്പിച്ചു. അഭിപ്രായ ഭിന്നതകൾ സംഘടനയിൽ രൂപപ്പെട്ടപ്പോൾ വ്യക്തമായ ദിശാബോധം നൽകി സംഘടനയെ മുന്നോട്ട് നയിച്ചു. എ. കെ. പി. സി. ടി. യുടെ ചരിത്രം ആർ. ആർ. സി. യുടെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിജ്ഞാനം പങ്കിടുക, വികസനം പങ്കിടുക എന്ന പുതിയ മുദ്രാവാക്യം സംഘടനയുടെ പുതിയ ദിശാബോധത്തെ സൂചിപ്പിക്കുന്നു. സാമൂഹിക നീതിയിലധിഷ്ഠിതമായ വികസനമാണ് ഇന്നിന്റെ ആവശ്യം. ഉന്നത വിദ്യാഭ്യാസ രംഗം കുത്തകവൽക്കരിക്കാനും ഉള്ള ശ്രമങ്ങൾ ഇന്ത്യയിലും കേരളത്തിലും വ്യാപകമായി. അക്കാദമിക് ആട്ടണോമിക് പകരം ഇക്കോണമിക് ആട്ടോണമി പുതിയ താത്പര്യമായി കുത്തകകൾ വളർത്തിയെടുക്കുന്നു. നിലവിലുള്ള ഗവൺമെന്റുകൾ ഇവയെ സകല പിന്തുണയും നൽകി പ്രോത്സാഹിപ്പിക്കുന്നു.

ഐഫക്ടോ ജനറൽ സെക്രട്ടറി ഡോ. വി. കെ. തിവാരി അദ്ധ്യാപക സംഘടനാ പ്രവർത്തനം പുത്തൻ സാഹചര്യത്തിൽ എന്ന വിഷയത്തെ അധികരിച്ച് മുഖ്യ പ്രഭാഷണം നടത്തി. എൻ. ഡി. എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പുറത്തുവന്ന അംബാനി - ബിർല റിപ്പോർട്ട് വിദ്യാഭ്യാസ രംഗത്തെ കീഴ്മേൽ മറിക്കുന്നതായിരുന്നു പ്രാഥമിക - സെക്കൻഡറി - ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ തരംതിരിവുകളുണ്ടാക്കി പ്രാഥമിക വിദ്യാഭ്യാസത്തിനു മാത്രം കൂടുതൽ ഊന്നൽ കൊടുക്കുകയും മററു തലങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കുകയും ചെയ്യുന്നതായിരുന്നു പ്രസ്തുത റിപ്പോർട്ട്. യു. പി. എ. ഗവൺമെന്റിന്റെ കാലത്തുണ്ടായ യൂണിവേഴ്സിററി മോഡൽ ആക്ടും അംബാനി - ബിർല റിപ്പോർട്ടിനെ പിൻതുണയ്ക്കുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണാവകാശം നൽകുന്നതിനുള്ള ശ്രമം ഈ ഗവൺമെന്റിന്റെ കാലത്ത് വളരെ വിപുലമായി. 1984 ആകുമ്പോഴത്തേക്കും ഡി. ജി. പി. 6% മായി വർദ്ധിപ്പിക്കണമെന്ന് കോത്താരി കമ്മിഷൻ റിപ്പോർട്ടും അതിനെ പിൻതാങ്ങുന്ന മജുംദാർ റിപ്പോർട്ടും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഏകാദ്ധ്യാപക വിദ്യാലയങ്ങളെ ദ്വയാദ്ധ്യപക വിദ്യാലയങ്ങളാക്കി 40 ലക്ഷം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള റിപ്പോർട്ടും നടപ്പിലാക്കുന്നതിന് ഗവൺമെന്റിനു താല്പര്യമില്ല. ഐഫക്ടോയിൽ അംഗങ്ങളായുള്ള എല്ലാ അദ്ധ്യാപകരുടെയും അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ ഭാവി കരുപ്പിടിപ്പിക്കുന്നതിന് ആവശ്യമാണ്. അദ്ദേഹം പറഞ്ഞു.

ഉസ്മാനിയ യൂണിവേഴ്സിററി ജേർണലിസം വകുപ്പ് അസോസിയേററ് പ്രൊഫസർ ഡോ. കെ. നാഗേഷ് ഉന്നത വിദ്യാഭ്യാസവും ആഗോള സേവന കരാറും എന്ന വിഷയത്തിൽ പ്രബന്ധമവതരിപ്പിച്ച് സംസാരിച്ചു.

വിദ്യാഭ്യാസം ഇന്ന് ആഗോളവൽക്കരണത്തിന്റെ കച്ചവടച്ചരക്കായി മാറിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇൻഡ്യയിൽ സാമ്രാജ്യത്വ ശക്തികളെ വളർത്തിയെടുക്കുന്നതിനുള്ള മാദ്ധ്യമങ്ങളായി അവർ കൊണ്ടുവരുന്നു. മൂന്നു കാരണങ്ങളാൽ ഇവയെ പ്രതിരോധിക്കേണ്ടിയിരിക്കുന്നു.

1. ഇൻഡ്യയിൽ നിലവിലുള്ള കോഴ്സുകൾ സമാനമായ കോഴ്സുകൾ അവിടെ ആരംഭിക്കാൻ പാടില്ല.
2. ഇവിടെക്കൊണ്ടുവരുന്ന കോഴ്സുകൾ അവരുടെ സർവ്വകലാശാലകൾ അംഗീകരിച്ചതാവണം.



*പൊതുസമ്മേളനം സ. വൈക്കം വിശ്വം ഉദ്ഘാടനം ചെയ്യുന്നു.*

അംഗീകരിക്കാത്തവ കൊണ്ടുവരരുത്.

3. പുതിയ പരീക്ഷണങ്ങൾ നടത്താനുള്ള ഒരു പരീക്ഷണശാലമാത്രമായി നമ്മുടെ സർവ്വകലാശാലകളെ കണക്കാക്കിക്കൂട. അമിത ലാഭേച്ഛയോടുകൂടിയുള്ള സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിനെ നാം എതിർത്തേ പററു. വിദേശ സർവ്വകലാശാലകളുടെ നിലവാരമില്ലാത്ത ബിരുദങ്ങളുമായി നമ്മുടെ വിദ്യാർത്ഥികൾ അലഞ്ഞുതിരിയുവാൻ സാഹചര്യങ്ങൾ ഉണ്ടായിക്കൂടാ.

എ. കെ. പി. സി. ടി. എ. സെക്രട്ടറി പ്രൊഫ. കെ. വിജയധരൻ നന്ദി രേഖപ്പെടുത്തി 5 മണിയോടെ യോഗം പര്യവസാനിച്ചു.

## പൊതുസമ്മേളനം

എ. കെ. പി. സി. ടി. എ. 48-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് 11.03.2006 ശനിയാഴ്ച വൈകുന്നേരം 6 മണിക്കു തിരുവല്ല ടൗണിൽവെച്ചു നടന്ന പൊതുസമ്മേളനത്തിൽ എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സ്വാഗതം ആശംസിച്ചു.

കാസർഗോഡു മുതൽ നെയ്യാററിൻകര വരെയുള്ള അദ്ധ്യാപകർ പങ്കെടുത്ത പ്രകടനമാണ് ഇവിടെ നടന്നത്. 1989-നു ശേഷം ഈ വർഷമാണ് എ. കെ. പി. സി. ടി. എ. യുടെ സംസ്ഥാന സമ്മേളനത്തിനു തിരുവല്ല വേദിയാകുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രബല സംഘടനയായ ഞങ്ങളുടെ നിലപാടുകൾക്കും തീരുമാനങ്ങൾക്കും അതിന്റേതായ പ്രസക്തിയും പ്രാധാന്യവും ഉണ്ട്. കാലിക പ്രസക്തിയുള്ള മുദ്രാവാക്യമാണ് എ. കെ. പി. സി. ടി. എ. ഉയർത്തുന്നത്. വിദ്യാഭ്യാസ കച്ചവടക്കാരുടെ മേഖല എന്ന നിലയ്ക്ക് ഇവിടെ ഞങ്ങളുടെ മുദ്രാവാക്യം ഏറെ പ്രസക്തമാകുന്നു. പുഷ്പഗിരി പോലുള്ള മാനേജ്മെന്റുകൾ എടുക്കുന്ന നടപടികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന പിൻബലം ഇവിടെ ഞങ്ങൾ ഉയർത്തുന്ന മുദ്രാവാക്യത്തിന് കൂടുതൽ ഗൗരവം നൽകുന്നു. എന്ന് അദ്ദേഹം പറഞ്ഞു.

അദ്ധ്യാപകർക്ക് വിദ്യാഭ്യാസ രംഗത്ത് അഭിപ്രായം പറയുവാൻ കഴിയാതിരുന്ന ഒരു സ്വകാര്യമേഖലാ കാലഘട്ടത്തിൽ സാമുദായിക - സാമൂഹിക - മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി മനുഷ്യനെ തിരിച്ചറിഞ്ഞ് മാനവിക സ്വാതന്ത്ര്യാവബോധം ആവിഷ്കരിക്കാൻ നവോത്ഥാനപരമായ ഒരന്വേഷണം സൃഷ്ടിക്കാനും സംഘടനാ പ്രവർത്തനം ഉതകി.

ആഗോളീകരണത്തിന്റേയോ ആഗോളവൽക്കരണത്തിന്റെയോ ശൈലിയിലൂടെ വിദ്യാഭ്യാസ രംഗത്തേക്കും വിദേശശക്തികൾ വരുന്നു. ആസ്ട്രോണമി പ

റിക്കാൻ പറഞ്ഞാൽ ആസ്ട്രോളജിയ്ക്ക് പ്രാധാന്യം കൊടുക്കാനാണ് ശ്രമം. സമൂഹത്തിലെ ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ താല്പര്യം മാത്രമാണ് സർക്കാർ ശ്രമിക്കുന്നത്. അവർ ന്യൂനപക്ഷ സമുദായ കച്ചവട താല്പര്യക്കാർ മാത്രമാണ്.

വികസനത്തെ ഒരു വർഗവീക്ഷണമായി കണക്കാക്കാതെ കോടിക്കണക്കിനുള്ള ജനങ്ങളുടെ വികസനമാണോ, രാജ്യത്തെ അടിമയാകുന്നവരുടെ വികസനമാണോ ലക്ഷ്യം എന്നുള്ളത് തിരിച്ചറിയണം. എ.കെ.പി. സി. ടി. എ. യുടെ മുദ്രാവാക്യം ഇവിടെയാണ് പ്രധാനം.

പിന്തിരിപ്പൻ ആശയഗതികൾ സമൂഹത്തെ സുനാമി പോലെ വഹിച്ചുകൊണ്ടുപോകുന്ന സാഹചര്യത്തിൽ അതിനെ ചെറുക്കാൻ അദ്ധ്യാപക സംഘടനയ്ക്ക് കഴിയണം. പുരോഗമനോന്മുഖമായ ഇത്തരം പ്രസ്ഥാനങ്ങൾ തെററിനെതിരെ പ്രതികരിക്കാൻ സജ്ജമാകണം. സ്ത്രീകൾ അപമാനിക്കപ്പെടുന്നു. നേടിയെടുത്ത വിവരങ്ങൾ സമൂഹത്തിന് പകരാൻ ഈ സമ്മേളനത്തിനു കഴിയട്ടെ എന്ന് അദ്ദേഹം പറഞ്ഞു.

വികസനത്തെക്കുറിച്ചു സംസാരിക്കുമ്പോൾ 90 ശതമാനത്തോളം ജനങ്ങളെ പാർശവൽക്കരിക്കുന്ന വികസനനയങ്ങളെക്കുറിച്ചാണ് സാർവ്വദേശീയ സാമ്പ്രദായിക അക്കാഡമീഷ്യൻമാർ ചൂണ്ടിക്കാട്ടുന്നത്. ലോകവിഭവങ്ങളുടെ മേൽ അധികാരം കൈയാളുന്നത് ഇന്ന് ബഹുരാഷ്ട്രക്കമ്പനികൾ മാത്രമാണെന്ന് ഡോ. വർഗീസ് ജോർജ് തൻെറ ആശംസാ പ്രസംഗത്തിൽ പറഞ്ഞു.

സമാപന ദിവസമായ 14.3.2006 ഞായറാഴ്ച രാവിലെ സർവ്വീസിൽ നിന്ന് വിരമിച്ച അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകി. യാത്രയയപ്പ് സമ്മേളനം ഐഫക്ടോ വൈസ്പ്രസിഡൻറ് പ്രൊഫ. ജെ. വില്യംസ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം.ബി. വിജയലക്ഷ്മി അദ്ധ്യക്ഷയായിരുന്നു. സ. സി. പി. നാരായണൻ, പ്രൊഫ. മോഹൻകുമാർ ആശംസകൾ അർപ്പിച്ചു. പ്രൊഫ. കെ. ശശിധരൻ സ്വാഗതവും ഡോ. രാജൻവർഗ്ഗീസ് നന്ദിയും പറഞ്ഞു. സമാപനദിവസം പ്രതിനിധി സമ്മേളാനന്തരം പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സമ്മേളനത്തോടനുബന്ധിച്ച് നടന്ന സാഹിത്യമത്സരവിജയികളെയും പ്രഖ്യാപിച്ചു. സമ്മേളനത്തിൻെറ ജനറൽകൺവീനർ പ്രൊഫ. പി. രാജശേഖരൻപിള്ളയുടെ നന്ദിപ്രകാശനത്തോടെ 48-ാം സംസ്ഥാന സമ്മേളനം പൂർണ്ണമായി.



AKPCTA

# Office Bearers 2006-2007

**PRESIDENT**

**Prof. A. P. Kuttikrishnan**
Sir Syed College,
Thaliparamba, Kannur
Ph:0490-2477039

**VICE PRESIDENTS**

**Prof. P. Reghunath**
MSM College, Kayamkulam
Ph: 95479-2348284

**Prof. T. A. Ushakumari**
Sree Kerala Varma College
Thrissur
Ph: 0487-2366868

**GENERAL SECRETARY**

**Prof. R. Mohana kumar**
SN College, Varkala
Ph: 95470-2608452

**TREASURER**

**Dr. K. K. Balachandran Nair**
N. S. S. College, Manjeri
Ph: 0483-2768278

**SECRETARIES**

*Kannur University*

**Prof. C. Padmanabhan**
NSS College, Mattannur
Ph: 0490-2477432

*Calicut University*

**Prof. M. Safarudeen**
MES College Mannarghat
Ph: 0492-4223704

*MG University*

**Dr. Rajan Varughese**
U. C. College, Aluva
Ph: 95484-2706338

*Kerala University*

**Prof. K. Vijayadharan**
S. N. College, Kollam
Ph: 95474-2732100

**DISTRICT OFFICE BEARERS**

KANNUR - KASARGOD

*President*

**Prof. V. Raveendran**
Sir Syed College,
Thaliparamba

*Secretary*

**Dr. K. Pradeep Kumar**
NSS College,
Mattannur
Ph: 0490-2472424

**KOZHIKODE**

*President*

**Dr. U. Hemanth Kumar**
SNG College,
Chelannur

*Secretary*

**Dr. D. K. Babu**
Guruvayoorappan College
Kozhikode
Ph: 0495-2430533

**WAYANAD**

*President*

**Prof. Prasad. P**
Mary Matha College
Mananthavadi,
Wayanad

*Secretary*

**Prof. K. Balagopalan**
St. Mary's College
Sulthanbathery
Ph: 04936-220489

**MALAPURAM**

*President*

**Prof. T. P. Habeeb Raghuman**
MES College,
Ponnani
Malappuram

*Secretary*

**Prof. P. Mammed**
PSMO College, Thirurangadi
Ph: 0494-2463889

**PALAKKAD**

*President*

**Prof. K. R. Mohandas**
MES College, Mannarkad
Palakkad

*Secretary*

**Prof. A. T. Cherian**
VTB College,
Srikrishnapuram, Palakkad
Ph: 04924-231311

**THRISSUR**

*President*

**Prof. M. N. Sudhakaran**
St. Alosious College
Elthuruth, Thrissur

*Secretary*

**Prof. P. Gopinathan**
Sree Krishna College,
Guruvayoor
Ph: 0487-2212622

**ERNAKULAM**

*President*

**Prof. K. V. Somasundharan Nair**
S. S. College, Kalady

*Secretary*

**Prof. D. Salimkumar**
SNM College, Maliankara
Ph: 0484-2322476

**KOTTAYAM-IDUKKI**

*President*

**Prof. A. S. Varghese**
CMS College, Kottayam

*Secretary*

**Dr. K. P. Sukumaran Nair**
SD College, Kanjirapally
Ph: 04828-228141

**ALAPPUZHA**

*President*

**Prof. Sheela.P**
S. N. College, Cherthala

*Secretary*

**Prof. Philippose**
MSM College, Kayamkulam
Ph: 0479-2473263

**PATHANAMTHITTA**

*President*

**Prof. Daniel Kutty**
St. Thomas College,
Kozhencheri

*Secretary*

**Prof. Rajasekharan Pillai. P**
DB College, Parumala
Ph: 0481-2400947

**KOLLAM**

*President*

**Prof. Radhakrishna Pillai. R**
D. B. College
Sasthamkotta

*Secretary*

**Dr. K. Sreevalsan**
S. N. College, Kollam
Ph: 0475-2746536

**THIRUVANANTHAPURAM**

*President*

**Dr. Johny K. John**
Mar Ivanios Trivandrum

*Secretary*

**Dr. V. Rajendran Nair**
VTMNSS College,
Dhanuvachapuram
Ph: 0471-2574769

**STATE COMMITTEE MEMBERS**

**Prof. R. Indulal**
S. D. College, Alappuzha

**Prof. K. A. George**
Christian College
Chengannur

**Prof. V. Kuttyan**
NAS College, Kanjangad
Kasargod

**Prof. Rajagopal**
Pazhassiraja College
Pulpally

**Prof. N. Ramachandran**
St. Albert's College
Ernakulam

**Prof. Alexander K. Samuel**
St. Thomas College
Kozhancheri

**Prof. K. Madhusudhanan**
NSS College
Pandalam

**Dr. K. G. Viswanathan**
Ayurveda College, Ollur

**Dr. V. Chandran**
TKM College of Arts
and Science, Kollam

**Prof. K. Surendran**
S. N. College, Kannur

**Prof. James Philip**
Devamatha College
Kuruvilangad, Kottayam

**Prof. K. E. George**
Marthoma College
Chungathara, Nilambur

**Prof. K. Radhakrishnan Nair**
S. V. R. N. S. S. College
Vazhoor, Kottayam

**Prof. M. J. Mathew**
M. E. S. College
Nedumkandam, Idukki

**Prof. M. Shahul Hameed**
Iqbal College Peringammala
Thiruvananthapuram

**Dr. N. M. Sunny**
Malabar Christian College
Kozhikode

**WORKING COMMITTEE NOMINATIONS**

**Prof. Thomas Joseph**
KE College Mannanam
Ph: 95481-2598498

**Prof. A. Prathapa Chandran Nair**
M. G. College, TVM
Ph: 95471-2272143

**Prof. K. Sasidharan**
S. N. G. College,
Chelannur
Ph: 0495-2472822

**WORKING COMMITTEE SPECIAL INVITEES**

**Dr. S. Jayaraj Kumar**
Chief Editor
Kerala Private College Teacher

**Prof. K.S. Jayachandran**
Convenor, Service Cell

**ACADEMIC COMMITTEE**

*Convenor*

**Dr. Rajan Varughese**
U.C. College, Aluva,
Phone: 95484-2706338

Members

**Prof. A. Ashok**
NAS College, Kanjangad

**T.P.M. Fareed**
Ferook College
Ferook.

**Dr. N.Rajeev**
N.S.S.College
Manjeri

**Dr. Joseph**
MaryMatha College,
Mananthavadi

**Dr. N. R. Gramaprakash**
S. N. College,
Nattika

**Dr. Venugopal B. Menon**
Cochin College,
Kochi

**Dr. P. K. Padmakumar**
N. S. S. College,
Changanassery

**Prof. A. V. Thomas**
Catholicate College,
Pathanamthitta

**Sri. R. Indulal**
S. D. College, Alappuzha

**Dr. M.R. Sudarsana Kumar**
M.G. College,
Thiruvananthapuram

**Sri. K. Lakshmanan**
SN College, Alathoor

**Dr. K. Santhosh**
DB College, Sasthamkotta

**KERALA PRIVATE COLLEGE TEACHER**

*Chief Editor*

**Dr. S. Jayaraj Kumar**
S.N. College, Varkala

*Managing Editor*

**Dr. V. Jayakumar**
NSS College for Women
Thiruvananthapuram

*Assistant Editor*

**Dr. G.S. Suresh**
VTMNSS College,
Dhanuvachapuram

*Members*

**Prof. M.S. Vasanthakumar**
S.N.College,
Kollam

**Dr. C. R. Prasad**
MG College,
Thiruvananthapuram
Prof.Mathew.J.Muttath
K.E. College, Mannanam

**Prof. Kavumbai Balakrishnan**
Sri Kerala Varma College,
Thrissur

**Dr. N. Rajan**
NSS College, Manjeri

**Prof. Soman Nadar**
Mar Ivanios College
Thirvananthapuram

**Prof. P. Sivadasan**
SN College, Chempazhanthy

**Prof. Vijayan Nair. S**
S. N. College, Varkala

**Prof. I. G. Shibi**
S. N. College,
Chempazhanthi

**Prof. Pramod Vallachal**
M. G. College, Irutty

## LIASON OFFICERS

SECRETARIATE

**Sri. R. Mohanakrishnan**
MG College, Tvpm
Ph:0471-3299409

**Prof. P. Sivadasan**
S.N. College,
Chempazhanthy
Ph: 0471-2445199

## DIRECTORATE OF COLLEGIATE EDUCATION

**Dr. Johny K. John**
Mar Ivanios College,
Thiruvananthapuram,
Ph: 9447698574

**Prof. D. Sajeev Kumar**
M. G. College,
Thiruvananthapuram
Ph: 0471-2380237

## DEPUTY DIRECTOR OF COLLEGIATE EDUCATON OFFICES

KOLLAM

**Sri. R. Premkumar**
S. N. College, Kollam

**Dr. V. Chandran**
TKM College of Arts & Science, Kollam

KOTTAYAM

**Prof. K. Mathew**
Baselios College, Kottayam
Phone: 0481-2352947

**Prof. K.Radhakrishnan Nair**
S.V.R.N.S.S College, Vazhoor
Phone: 0481-2598988

**Prof. Babu Cherian**
CMS College, Kottayam
Ph:9447568210

ERNAKULAM

**Prof. K. N. James**
St. Alberts College,
Ernakulam
Ph:9388451143

**Sri. Roy Sakharias**
S. H. College, Thevara

THRISSUR

**Dr. Joshy C. L**
St. Thomas College, Thrissur
Ph: 0487-2641819

**Prof. P. Gopinathan**
Sree Krishna College,
Guruvayoor
Ph: 0487-2212622

**Prof. C. Muraleedharan**
NSS College, Ottappalam

KOZHIKODE

**Dr. D. K. Babu**
Guruvayoorappan College,
Kozhikode
Ph: 0495-2430533

**Dr. N. M. Sunny**
Malabar Christian College,
Kozhikode
Ph: 9447418715

**Sri. Godwin Samraj**
Malabar Christian College.
Kozhikode

## UNIVERSITIES

KERALA

**Dr. S. Pradeep Kumar**
M. G. College,
Thiruvananthapuram
Ph: 0471-2439935

**Dr. K. Vijayakumaran Nair**
Mar Ivanios College
Ph:9387805553

MAHATMA GANDHI

**Prof. George Sebastian**
K. E. College, Mannanam Ph: 9447567992

**Prof. Joji Alex**
St. Thomas College, Pala

**Prof. R. Hareesh**
St. Mary's College,
Manarkad

KOZHIKODE

**Dr. K. K. Balachandran Nair**
NSS College, Manjeri
Ph:0483-2768278

Prof. K.Sasidharan
S.N.G College, Chelannur
Phone: 0495-2472822

**Prof. P. Shahad**
PSMO College, Tiruranjadi.
Phone: 0495-2472822

**KANNUR**

**Prof. P.V. Raveendran**
S.S. College, Thaliparamba
Ph: 0497-2780789

**Prof. Krishnan Vannarath**
SCS College,
Sreekantapuram
Ph: 0497-7466278

**Prof. P.K. Sasindran**
SN College, Kannur
Ph: 0490-2306569

**WELFARE TRUST**

**Sate office bearers**
**Prof. A.Prathapachandran Nair**
MG College, Tvpm.
**Prof. Thomas Joseph**
KE College, Mannanam

**BUILDING COMMITTEE**

**Prof. A.P. Kuttykrishnan**
**Prof. R. Mohanakumar**
**Dr. K. K. Balachandran Nair**
**Prof. Thomas Joseph**
**Prof. A.Prathapachandran Nair**
**Prof. K. Sasidharan**
**Dr. G. Raveendran**
(Convenor)
**Dr. S. Jayaraj Kumar**
**Dr. S. Satheesh Chandran**

**Prof. K.L. Vivekandan**
**Dr. G.S. Suresh**
**Dr. V. Rajendran Nair**
**Prof. J. Raju**

**LEGAL CELL**

*Convenor*
**Prof. D. Salimkumar**
SNM College, Maliankara
Ph: 0484-2322476

**Dr. Rajan Varghese**
UC College, Aluva

**Prof. N. Ramachandran**
St. Alberts College, EKM

**Prof. V.M. George**
SH College, Thevara

**Prof. P.N.R. Raju**
Al Ameen College, Edathala

**SERVICE CELL**

**Prof. K.S. Jayachandran**
Sree Kerala Varma College,
Thrissur.
Ph: 0487-2371971

**Prof. P.S. Feroz**
S.N. College, Nattika

**Prof. Tommichan Joseph**
KE College, Mannanam

**Prof. Sukumara Babu**,
MSM College Kayamkulam

**Prof. Joji Alex**
St. Thomas College, Pala

**Prof. Chandrathmajan**
MA MO College,
Mukkam

## എ.കെ.പി.സി.ടി.എ 48-ാം സംസ്ഥാന സമ്മേളനം സാഹിത്യമത്സര വിജയികൾ

എ.കെ.പി.സി.ടി. എ. 48-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കലാലയ വിദ്യാർത്ഥികൾക്കായി നടത്തിയ വിവിധ സാഹിത്യമത്സരങ്ങളിൽ വിജയികളായവരുടെ പേരു വിവരം താഴെ കൊടുക്കുന്നു.

### കവിത

**എം. ഉണ്ണിക്കൃഷ്ണൻ, സജീഷ് എം. പി., നവ്യാ പി. കെ. (മൂന്നുപേരും പയ്യന്നൂർ കോളജ്, പയ്യന്നൂർ)**

### കഥ

**രഞ്ജു എം. വി. (പയ്യന്നൂർ കോളജ്), ഉണ്ണിക്കൃഷ്ണൻ. കെ. (PSMO കോളജ്, തിരൂരങ്ങാടി). നവ്യാ വി. കെ. പയ്യന്നൂർ കോളജ്**

### ലേഖനം

**ജ്യോത്സന കൃഷ്ണൻ (പ്രജ്യോതി നികേതൻ കോളജ്, പുതുക്കാട്, തൃശ്ശൂർ), എം. ഉണ്ണിക്കൃഷ്ണൻ (പയ്യന്നൂർ കോളജ്), ജെയിംസ് മാത്യു (സെന്റ് തോമസ്, പാല) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.**


# എ.കെ.പി.സി.ടി.എ
# സംസ്ഥാന ഭാരവാഹികൾ
# 2006–2007



എ. പി. കുട്ടികൃഷ്ണൻ
*പ്രസിഡൻറ്*



ആർ. മോഹനകുമാർ
*ജനറൽ സെക്രട്ടറി*



ഡോ.കെ.കെ.ബാലചന്ദ്രൻനായർ
*ട്രഷറർ*



പി. രഘുനാഥ്
*വൈസ് പ്രസിഡൻറ്*



ടി. എ. ഉഷാകുമാരി
*വൈസ് പ്രസിഡൻറ്*

## മേഖലാ സെക്രട്ടറിമാർ




കെ. വിജയധരൻ
*കേരള യൂണിവേഴ്സിററി*



ഡോ. രാജൻവർഗ്ഗീസ്
*എം.ജി യൂണിവേഴ്സിററി*



എം. സഫറുദ്ദീൻ
*കാലിക്കററ് യൂണിവേഴ്സിററി*



സി. പത്മനാഭൻ
*കണ്ണൂർ യൂണിവേഴ്സിററി*

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

**Thomas Joseph**
President AIFUCTO

# Who is afraid of Reservations?

The three-day meeting of the National Knowledge Commission (NKC) at Bangalore which concluded on the 8th of May recommended, by a majority of six to two, against introducing reservation in premier Central educational institutions. Announcing this, Sam Pitroda, Chairman, NKC stated that the Commission in principle favored affirmative action and believed that a knowledge society must be socially inclusive and such social inclusion must be reflected in the educational institutions. "But how we go about doing this in a way that is compatible with the goals of knowledge society is a difficult task and requires more social debate and careful thought.", he said. One of the ways to address the issue of reservations is to increase the number of institutions so that everyone would have the opportunity to pursue higher education, Pitroda opined. Easier said than done! No one knows it better than Sam Pitroda, the most celebrated apostle of Knowledge Revolution in the country!

But Sam Pitroda is not alone in mouthing such pious sentiments with callous indifference to their practical applications. The Hon. Supreme Court of India had prefaced its judgment in P.A.Inamdar &Ors. with the following observation: "It is well accepted by the thinkers, philosophers and academicians that if JUSTICE, LIBERTY, EQUALITY and FRATERNITY, including social, economic and political justice, the golden goals set out in the Preamble to the Constitution of India are to be achieved, the Indian polity has to be educated and educated with excellence. Education is a national wealth which must be distributed equally and widely, as far as possible, in the interest of creating an egalitarian society, to enable the country to rise high and face global competition. 'Tireless striving stretching its arms towards perfection' (to borrow the expression from Rabindranath Tagore) would not be successful unless strengthened by education". It is difficult to pen nobler sentiments. But despite them, the operative part of the judgment has clearly ruled out reservation of seats in unaided institutions on the plea that "such imposition of quota of State seats or enforcing reservation policy of the State on available seats in unaided professional institutions are acts constituting serious encroachment on the right and autonomy of private professional

educational institutions". Lip service to egalitarian ethos of the constitution and total negation of such principles in the dispensation of justice has so much become the order of the day that even the discrepancy is hardly noticed.

> **The upper castes have always invented some excuse or the other to keep the lower castes away from the sources of knowledge. Knowledge is indeed the key to power and wealth in the emerging knowledge society. Its value today as capital is greater than that of either land or natural resources. The struggle for the diffusion of intellectual capital in future is therefore bound to be tougher than the struggle for the diffusion of physical capital in the past.**

At the other end, MHRD's claims to a monopoly over virtue have few takers. The pretension that MHRD was empowered to initiate action on reservation in Central educational institutions only with the passage of the 93rd constitution amendment is an example of amnesia of a neurotic kind. It is still too early to forget the anti-Mandal agitations of 1990 and its socio-political fallout. The Supreme Court of India had cleared the legal hurdles to reservation in Government jobs and educational institutions as early as 1992 by giving its seal of approval to the Mandal Commission recommendations, subject to the exclusion of the creamy layer from the benefits of reservation. Reservations for OBCs in Central Services had actually been implemented from 1993. Only an executive order was necessary to provide similar reservation in Central educational institutions. The 93rd constitutional amendment was clearly intended only to overcome the ban on reservation in unaided institutions imposed by the Supreme Court in Inamdar judgment. MHRD could have truthfully submitted that reservation in Government run educational institutions was long overdue and that it would be immoral to impose the same in unaided institutions without first introducing it in Government run institutions. However MHRD's belated recognition of its egalitarian obligations should be no bar against its implementation. Better late than never!

The motives of MHRD, suspect or otherwise, are no big hurdles on the road to implementation of reservation. The street protests are not the real hurdles either. No political party which has supported the passage of the 93rd amendment for reservation in unaided institutions can now openly support an agitation against reservation in Central institutions. Without substantial political support, the agitation of the pampered sons and daughters of the upper-classes unused to the sweltering heat of the Indian summer is bound to wither away, sooner than later. But that does not mean that it would be cake walk for Arjun Singh and Co. The privileged minority who presently monopolizes the avenues of higher education at the expense of the vast majority of the unprivileged will not let go their privileges without a real trial of strength.

The battle against reservation for the oppressed classes will not be fought on the

streets of the metropolitan cities. It will be fought in the air conditioned drawing rooms and seminar halls across the country. The Knowledge Commission has fired the first decisive shot in the battle of wits after its three day long deliberations which have concluded that further deliberations are required to identify the appropriate strategy for building up an inclusive society. But even before such detailed deliberation could take place, the Commission has conclusively decided that the upliftment of the deprived classes cannot and will not come through reservations! The Commission is in no hurry to identify the appropriate strategy, though such strategy has been eluding our strategists for sixty long years since independence. At the same time, the Commission is very much concerned about the need for preserving our competitive edge in the Knowledge Society, which, in effect, means preserving and strengthening the monopoly over knowledge that the privileged classes have come to acquire by practicing social exploitation and injustice for centuries. Even the minority opinion within the NKC which is supportive of reservation will now be touted as proof of the democratic credentials and impartiality of the NKC recommendations. The spirit of democracy will thus be defeated by the logic of numbers in democratic functioning. The injustice of a majority of NKC members espousing the cause of an elite minority will now be justified as a rational defense against reverse discrimination.

There is nothing surprising about the dichotomy in the positions taken by MHRD and the NKC. The Knowledge Commission has only acted according to its mandate, which is to rein in the pro-people politics of MHRD. Prime Minister ManMohan Singh appears to have learnt a lesson or two from his immediate predecessor. Just as Vajpayee had constituted the Ambani-Birla Committee on Education directly under him without reference to his politically astute Minister for HRD Murali Manohar Joshi, so Manmohan Singh has constituted the NKC which is directed to report directly to the Prime Minister. It is no wonder that the NKC does not have even a single representative of the MHRD though the Commission dabbles in knowledge creation and dissemination which is primarily what the MHRD is supposed to be promoting. It appears that the NKC has been constituted to serve a specific purpose—to ensure that the MHRD does not overreach itself in its efforts for creating and disseminating the most potentially powerful tool of modern times, namely knowledge.

It is true that knowledge has always been a powerful weapon for the empowerment of the elite minority. The upper castes have always invented some excuse or the other to keep the lower castes away from the sources of knowledge. Those of the lower castes like Ekalavya who have attempted to break the impasse have always had to pay heavily for their audacity. The myth of excellence and competitive edge in the global village is a modern invention to keep the likes of Ekalavyas away from the sources of knowledge and power that comes through knowledge. Knowledge is indeed the key to power and wealth in the emerging knowledge society. Its value today as capital is greater than that of either land or natural resources. The struggle for the diffusion of intellectual capital in future is therefore bound to be tougher than the struggle for the diffusion of physical capital in the past.



# The Left Intervenes with the PM
## On Behalf of College & University Teachers


PRIME minister Dr Manmohan Singh assured the representatives of All India Federation of University and College Teachers' Organisations (AIFUCTO) and Federation of Central University Teachers' Associations (FEDCUTA) that he would 'do his best' to implement the 1998 agreement between HRD ministry and AIFUCTO. He would discuss the issue with HRD minister Arjun Singh to see how the cabinet note in respect of Career Advancement Scheme (CAS) from 1-1-96, parity for DPEs and Librarians and Professorship in colleges could be approved without any further delay. He appealed to the teachers to withdraw their indefinite dharna in view of the assurances.

The secretariat of AIFUCTO expressed satisfaction with the response of the prime minister and decided to suspend the on going dharna for the time being. However, the secretariat warned that it would intensify the stir if specific orders were not issued with in a reasonable time frame. AIFUCTO's meeting with the prime minister was facilitated by the intervention of the Left leaders Sitaram Yechury and A B Bardhan. They drew the attention of the PM to the injustice being perpetuated by the government of India through its refusal to honour its agreement with AIFUCTO on removing the anomalies in the implementation of the fifth UGC pay scales.

The teacher leaders met the prime minister on May 17, 2006, the second day of the indefinite dharna launched by AIFUCTO at Jantar Mantar. Hundreds of teachers drawn

from different parts of the country had taken part in the relay dharna in the first two days and many more were expected to join in the following days. AIFUCTO had organised the dharna apprehending that the finance ministry would scuttle the approval of the cabinet note that would resolve some of the long pending demands of college and university teachers. The AIFUCTO leaders told the PM that the teachers were only asking for the implementation of the agreement of September 5,1998 between HRD ministry and AIFUCTO. In fact, AIFUCTO had withdrawn the 26-day nationwide college and university teachers' strike following the agreement. But the government of India had so far failed to fulfill its promises. Dr. Murali Manohar Joshi, the then HRD minister in the NDA government had even refused to meet the AIFUCTO delegation to discuss the implementation of the agreement. He had taken the stand in retaliation of AIFUCTO's criticism of his move to saffronise and commercialise education. The standoff between AIFUCTO and NDA government became more strident with the NDA's attempt to implement the recommendations of Ambani-Birla report in higher education by enacting a Model Act for Universities. The AIFUCTO opposed the move to commercialise and corporatise higher education in the country and organised a massive dharna at Allahabad, the constituency of the then HRD minister, which step contributed in some measure to his defeat in the elections held in 2004.

Arjun Singh was more positive in his approach than in this predecessor and held several rounds of discussion with AIFUCTO leadership. The cabinet note which is now under the consideration of the government of India is the result of his initiative to resolve the long pending demands of AIFUCTO. Though AIFUCTO was not completely satisfied with the proposals in the note, it accepted the proposals in the spirit of give and take. But the finance ministry with its agenda of dismantling the public-funded higher education raised objections to the cabinet note. The alibi was financial



constraints. The AIFUCTO leaders informed the prime minister that the financial commitment was only about Rs 200 crore, which should not deter the government of India from implementing its agreement with the teachers. The court orders directing the government to implement some of the demands were also brought to the notice of the PM.

In a memorandum submitted to the prime minister AIFUCTO expressed its solidarity with the governments' proposal to implement reservation for the OBCs in central government institutions and to simultaneously raise the number of seats so that the students in the general category would not be put to hardship. The AIFUCTO condemned the negative recommendations of the National Knowledge Commission in this regard. The AIFUCTO also wanted the UPA government to enhance its budgetary allocation in education drastically so that the NCMP promise of investing 6 per cent of the GDP in education could be fulfilled within the next few years. Only such increased allocation can resolve the problems of access and equity in higher education, without which the country cannot march towards the realisation of its dream of "growth with equity". The ongoing privatisation and commercialisation of education through private universities and the move to implement the WTO regime of trade in educational services would impact the qualitative and quantitative dimensions of higher education negatively, AIFUCTO stated in its memorandum. The AIFUCTO also drew the attention of the prime minister to the dichotomy in the recommendations made by the CABE Committee reports on Autonony and Financing of Higher Education. While the CABE report on Autonomy has recommended market reforms in higher education, the CABE report on Financing has recommended more public investment and public control in higher education institutions. AIFUCTO requested the prime minister to take immediate steps for the implementation of the egalitarian recommendations in the CABE report on Financing. AIFUCTO urged the PM to initiate steps for greater democratisation of the governance of higher education institutions.

The delegation which met the prime minister at his office in the Parliament House comprised of AIFUCTO president Professor Thomas Joseph, general secretary Dr V K Tewari, Treasurer Dr Nikhil Desai, National Secretaries Professors Sudhakar Mankar and Ashok Burman, vice president Professor Vazir Singh Nehra and president of FEDCUTA, Dr Amar Deo Sharma.

**Read and Subscribe**

KERALA PRIVATE
COLLEGE TEACHER
*a monthly journal of AKPCTA*
*for copies contact*

**Annual Subscribtion Rs. 75/-**

AKPCTA State Committee Office,
Vanchiyoor, Thiruvananthapuram-35,
Phone: 0471- 2463494,
Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org,

# നിയമസഭാ മാർച്ച് 2006 ഫെബ്രുവരി 21




എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി, എഫ്.യു.ടി.എ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ കോളജ് സർവ്വകലാശാല അദ്ധ്യാപകർക്ക് അർഹതപ്പെട്ട 50 ശതമാനം ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച് കിട്ടുന്നതിനുവേണ്ടി 2006 ഫെബ്രുവരി 21-ാം തീയതി നിയമസഭാ മാർച്ച് നടത്തി. രാവിലെ 11 മണിക്ക് തിരുവനന്തപുരം യൂണിവേഴ്സിററി കോളജിന് മുന്നിൽ നിന്നാരംഭിച്ച മാർച്ച് സ. എം. വി. ജയരാജൻ എം. എൽ. എ ഉദ്ഘാടനം ചെയ്തു.

# സർവ്വകലാശാല -കോളജ് അധ്യാപക ധർണ്ണ 2006 ജൂൺ 3



കേരള സർവകലാശാലയുടെ കോഴ്സുകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ നടത്താൻ ഗൾഫിലെ സ്വകാര്യ സ്ഥാപനത്തിന് വിദൂരപഠനകേന്ദ്രമെന്ന പേരിൽ അനുമതി നൽകിക്കൊണ്ട് തിരക്കിട്ടിറക്കിയ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സർവകലാശാല - കോളജ് അദ്ധ്യാപക സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ കേരള സർവകലാശാല ആസ്ഥാനത്തിനുമുന്നിൽ ധർണ നടത്തി. ധർണ പ്രൊഫ. സി. രവീന്ദ്രനാഥ് എം. എൽ. എ ഉദ്ഘാടനം ചെയ്തു. എ. കെ. പി.സി.ടി. എ , എ. കെ. ജി. സി. ടി., എഫ്. യു. ററി. എന്നീ അധ്യാപക സംഘടനകളുടെ സംയുക്താഭിമുഖ്യത്തിലാണ് സമരം സംഘടിപ്പിച്ചത്. ധർണയെ അഭിവാദ്യംചെയ്തുകൊണ്ട് എ.കെ. പി. സി. ടി. എ ജനറൽ സെക്രട്ടറി പ്രൊഫ. ആർ. മോഹനകുമാർ, എ. കെ. ജി. സി. ടി ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ്കുഞ്ഞ്, കേരള യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പ്രൊഫ. സി. മോഹനചന്ദ്രൻ യൂണിവേഴ്സിററി എംപ്ളോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സുനിൽകുമാർ, എൻ ജി ഒ യൂണിയൻ ജില്ലാ ജോയിൻറ് സെക്രട്ടറി സത്യകുമാർ, കെ. ജി. ഒ. എ. ജനറൽ സെക്രട്ടറി ശിവകുമാർ, സംസ്കൃത സർവകലാശാല അധ്യാപക സംഘടനാ സെക്രട്ടറി ഡോ. ശിവദാസ് എന്നിവർ സംസാരിച്ചു. എ. കെ. പി. സി. ടി എ വൈസ്പ്രസിഡൻറ് പ്രൊഫ. രഘുനാഥ് നന്ദി പറഞ്ഞു.

# എം ജി. യൂണിവേഴ്സിററി മേഖല - കലാലയങ്ങളിൽ ധർണ്ണ 2006 ജൂൺ 14

കഴിഞ്ഞ 5 വർഷത്തെ യു. ഡി. എഫ്. ദുർഭരണത്തിന്റെ തണലിൽ എം. ജി. സർവ്വകലാശാലയിലെയും അഫിലിയേററഡ് കോളജുകളിലെയും അക്കാദമിക ഭരണസംവിധാനങ്ങൾ ആകെ താറുമാറാക്കപ്പെട്ടിരിക്കുകയാണ്. ഭരണ രംഗത്തും അക്കാദമിക തലത്തിലും സമഗ്രവും, കാലോചിതവുമായ പരിഷ്കാരങ്ങൾ നടപ്പാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും നടപ്പാക്കാൻ പുതിയ ഗവൺമെന്റ് സത്വര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് എ. കെ. പി. സി. ററി. എ. നടത്തുന്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ജൂൺ 14 -ാം തീയതി കലാലയങ്ങളിൽ ധർണ്ണ നടത്തുകയുണ്ടായി

**എ.കെ.പി.സി.ററി.എ. ഉന്നയിക്കുന്ന പ്രധാന ആവശ്യങ്ങൾ ഇവയാണ്.**

- നിയമവാഴ്ച പുനസ്ഥാപിക്കുക
- ജനാധിപത്യ ഭരണസംവിധാനങ്ങൾ ഏർപ്പെടുത്തുക
- അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുക
- എയിഡഡ് കോളജുകളിലെ അൺ എയിഡഡ് കോഴ്സുകൾ നിർത്തലാക്കുക.
- അദ്ധ്യാപക നിയമനം നടത്തുക
- പാഠ്യപദ്ധതി നവീകരണ പ്രക്രിയ ശക്തിപ്പെടുത്തുക

# കളമശ്ശേരി സെന്റ് പോൾസ് കോളജ്

എ. കെ. പി. സി. ടി. എ. യുടെ ആഭിമുഖ്യത്തിൽ ജൂൺ 14 ന് എം. ജി. സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളജുകളിൽ നടന്ന പ്രതിഷേധ ധർണ്ണയുടെ ഭാഗമായി കളമശ്ശേരി സെന്റ് പോൾസ് കോളജിന് മുന്നിൽ ധർണ്ണ നടന്നു. കോളജ് ഗേററിന്റെ മുന്നിൽ നടന്ന ധർണ്ണ കൊച്ചിൻ യൂണിവേഴ്സിററി എംപ്ളോയീസ് അസോസിയേഷൻ സെക്രട്ടറി പി. ഹരിലാൽ ഉൽഘാടനം ചെയ്തു. എ. കെ. പി. സി. ടി. എ. സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. പി. രഘുനാഥ്, പ്രൊഫ. എം. പി. വിജയലക്ഷ്മി, എസ്. എഫ്. ഐ. കളമശ്ശേരി ഏരിയാ സെക്രട്ടറി പി. സബീർ എന്നിവർ ധർണ്ണയെ അഭിവാദ്യം ചെയ്തു സംസാരിച്ചു. ഡോ. എ. വി. അലക്സ്, പ്രൊഫ. ജോർജ് ജോൺ, പ്രൊഫ. ടി. വി. ശങ്കരൻ കുട്ടി, പ്രൊഫ. പി. രാജു, പി. പി. ടൈററസ് പോൾ എന്നിവർ ധർണ്ണക്ക് നേതൃത്വം നൽകി. ബ്രാഞ്ച് സെക്രട്ടറി വി. സി. ആന്റണി സ്വാഗതവും, എൻ. വി. ജോഷി നന്ദിയും രേഖപ്പെടുത്തി.





കവിത

വി.കെ.എൻ.കൈത്തൾ വൈക്കത്തില്ലം

*ഡി.ബി.കോളജ്, തലയോലപ്പറമ്പ്*


# ഇലകൾ ചോദിക്കുന്നത്....

ബോധി വൃക്ഷത്തണൽ പററി
ബുദ്ധന്മാരുറങ്ങുന്നു!
അരയാലിന്നില വീണു
മണ്ണിനോടു ചേരുമ്പോൾ
തുടിക്കുന്ന ചോദ്യമായ്
ചുടു നിശ്വാസ ധാരകൾ
അപ്പോഴും.....
ബോധിവൃക്ഷത്തണൽപററി
ബുദ്ധന്മാരുറങ്ങുന്നു!
ബോധിവൃക്ഷം തളിർക്കുമോ?
ബുദ്ധന്മാരുണരുമോ?
'ആർഡിയെക്സു'മാററംബോംബും'
സമാധാനം പുലർത്തുമോ?
തടവറക്കെട്ടിനുള്ളിൽ
പീഡനത്തിൻ ബാക്കിപത്രം
പരിണാമ സംസ്കൃതിക്കു
സ്തുതിപാടുമോ?
കഴുകന്മാർ നഖരങ്ങൾ
നീർത്തി റാകിപ്പറക്കുമ്പോൾ
സമാധാനപ്പറവയ്ക്കു
ജീവിതമുണ്ടോ?
കാല,മേതോ കവി, യെന്നോ
കുറിച്ചിട്ട സമസ്യയായ്
ഉത്തരങ്ങൾ മറച്ചുകൊ-
ണ്ടനുസ്യൂതമൊഴുകുന്നു!
ബോധിവൃക്ഷം തളിർക്കട്ടെ
ബുദ്ധന്മാരുണരട്ടെ
സ്നേഹദൂതൻ ശാന്തിമാർഗം
തുറന്നീടട്ടെ!



എം. എസ്. വസന്തകുമാർ
എസ്.എൻ.കോളജ്, കൊല്ലം

# പാമ്പിൻകാവ് മുതൽ പാനപാത്രം വരെ

വാർത്തകളിൽ നിറഞ്ഞുനില്ക്കുന്ന സെൻസേഷണലുകൾ നമ്മുടെ ഓർമ്മയിൽ അനേകമുണ്ട്. സൽമാൻ റുഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ', തസ്ലീമ നസ്റീന്റെ 'ലജ്ജ' എന്നീ പുസ്തകങ്ങൾ ഇസ്ലാം വിരുദ്ധമാണെന്ന് മതമേലാളന്മാർ കല്പിച്ചതും, കസാൻഡിസാക്കീസിന്റെ 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം' ക്രൈസ്തവമതവികാരങ്ങളെ വ്രണപ്പെടുത്തുന്നതാണെന്ന കണ്ടെത്തലും ഇതിന് ആഗോളതല ഉദാഹരണങ്ങളാണ്. നമ്മുടെ കൊച്ചുകേരളത്തിൽ ഹൈന്ദവരാഷ്ട്രീയം പച്ചപിടിച്ചുതുടങ്ങുന്ന കാലത്ത് കണിയാപുരം രാമചന്ദ്രൻ എഴുതി, കെ. പി. എ. സി. അവതരിപ്പിച്ച 'ഭഗവാൻ കാലുമാറുന്നു' എന്ന മലയാള സ്റേറജ് നാടകം ആക്രമിക്കപ്പെട്ടത് മറക്കാറായിട്ടില്ല. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ രചയിതാവ് ആന്റണി, ഗൾഫിലെ തുറുങ്കിൽ അടയ്ക്കപ്പെട്ടതും നമ്മുടെ ഓർമ്മയിൽ ഉണ്ട്. മതാന്ധന്മാർ 'കുഞ്ഞിലേ പിടിക്കുന്ന' ആജ്ഞാനുവർത്തികളായ കുഞ്ഞാടുകളുടെ വികാര-സംഖ്യാബലങ്ങളിൽ സ്വന്തം കരുത്തിന്റെ ആത്മവിശ്വാസവ്യാകരണങ്ങൾ ചമച്ച് സാനിയ മിർസയുടെ വസ്ത്രത്തിൽ വരെ കയറിപ്പിടിക്കുന്നു.

### ഹീനമനസ്കരുടെ മതം

ബുദ്ധനും ക്രിസ്തുവും നബിയും സൃഷ്ടിച്ച തരംഗങ്ങൾ സഹസ്രാബ്ദങ്ങൾ താണ്ടി അധുനാതന കാലത്തെത്തി നിൽക്കുകയാണ്. ചില നവീന മതസത്തമൻമാർ അവയുടെ സത്തയും ആർജ്ജവവും വിഷലിപ്തമാക്കി, കാര്യനിർവ്വഹണ വിധേയമാക്കി, സ്വന്തം ആശയാഭിലാഷസിദ്ധിസാധ്യത്തിന് ഉപയോഗിക്കുന്നു. പ്രതിഭയുടെ ലിബറൽ ചിന്താധാരകൾ അവരെ അസഹിഷ്ണുക്കൾ ആക്കുന്നു. ലിബറൽ ആശയങ്ങൾ തങ്ങളെ വിഴുങ്ങാൻ വരുന്ന അഗ്നിസ്ഫുലിംഗങ്ങളായി അവരുടെ ദുഃസ്വപ്നങ്ങളിൽ തെളിയുന്നു. ഈ ആശയങ്ങൾ കലയുടെ ചിമിഴിൽ ജനഹൃദയങ്ങളിലേക്ക് നേദിക്കപ്പെടുമ്പോൾ അവരുടെ ദുർഭഗ വ്യവസായങ്ങളുടെ സെൻസെക്സ് കുത്തനെ താഴുമെന്ന് അവർ ഭയക്കുന്നു. ഈശ്വരന്റെ മേൽവിലാസത്തിന്റെ വലിപ്പവും തിളക്കവും അവർക്ക് ചെകുത്താന്റെ ലീലാവിലാസങ്ങളിൽ വിലയിക്കാൻ ഊർജ്ജം പകർന്നുകൊണ്ടിരിക്കുമ്പോൾ പുരോമുഖ ചിന്താശീലങ്ങൾ വച്ചുപൊറുപ്പിക്കുവാൻ ആവുന്നില്ല.

പ്രതിരോധത്തിന് ഇന്നവർ നന്മയുടെ ധാരയിൽ നുഴഞ്ഞുകയറി ദണ്ഡിക്കുന്നു. വിഗ്രഹങ്ങളും ബിംബങ്ങളും അവയുടെ പരിവേഷം നഷ്ടപ്പെട്ട് ഭൗതിക നിസ്സാരതയിലേക്ക് അധഃപതിച്ചാൽ തങ്ങളുടെ തന്നെ അധഃപതനമാകും അതെന്ന് അവർ ധരിക്കുന്നു. സ്വതന്ത്രചിന്ത ശാസ്ത്ര നിബദ്ധമാണെങ്കിൽക്കൂടി അവരുടെ ദുശ്ശാഠ്യങ്ങൾക്ക് മീതെ മറെറന്ത്, മററാര് എന്ന ധാർഷ്ട്യം നിറഞ്ഞ ചോദ്യം! അതാണ് സൂര്യന് ചുററും ഭൂമി കറങ്ങുന്നു എന്ന് ആദ്യം പറഞ്ഞ ഗലീലിയോയെ ഓടുന്ന വണ്ടിയിൽ, കെട്ടിയിട്ട അവർ നിലത്ത് ഉരച്ചത്. "Are you a monkey from your father's or mother's side?" എന്ന് ഒരു പുരോഹിതൻ ചാൾസ് ഡാർവിനോട് ചോദിച്ചത്!

വറുതിയും ആവലാതിയും വശം കെടുത്തുന്ന മനുഷ്യന് തന്റെ ഇല്ലായ്മവല്ലായ്മകളുടെ ഭാരമിറക്കിവയ്ക്കാനും സമൃദ്ധിയുടെ ഒരു സങ്കല്പ സ്വർഗ്ഗം വാഗ്ദാനം ചെയ്ത് അവനെ യുഗങ്ങളിലൂടെ മയക്കാനും ആയ കറുപ്പാണ് മതം. വിശ്വാസത്തിന്റെ അഗാധമായ ആഴങ്ങളിൽ പെട്ടുപോയവരെ പോലും തങ്ങളുടെ വരുതിയിൽ നിന്ന് സ്വതന്ത്രചിന്തകൾ കവർന്നുകൊണ്ടുപോകുമോ എന്ന മതമേലാളന്മാരുടെ ഭയാശങ്കകളാണ് നമ്മുടെ വാർത്താ ധാരകളിൽ അടിക്കടിയുണ്ടാകുന്ന വിവാദങ്ങൾ. എന്നാൽ ഒരു കലാ

സൃഷ്ടിയും ഒരു വിശ്വാസിയെയും വഴിതെററിക്കുന്നില്ല എന്നതാണ് നമ്മുടെ ദീർഘകാലത്തെ അനുഭവം.

## നാലപ്പാട്ടെ പാമ്പിൻകാവ്

തൃശ്ശൂർ ജില്ലയിൽപെട്ട പുന്നയൂർകുളത്ത് നാലപ്പാട്ട് തറവാട്ടിൽ നിന്ന് ലഭിച്ച തന്റെ വിഹിതമായ 17 സെന്റ് സ്ഥലം കമലാസുരയ്യ കേരള സാഹിത്യ അക്കാദമിക്ക് ദാനം ചെയ്തു. അക്കാദമി അത് ഏറെറടുത്ത് പ്രസിഡന്റായ യൂസഫലി കേച്ചേരിയുടെ വിയോജിപ്പോടെ. കേച്ചേരിയുടെ വിപരീതമനത്തിന് നിദാനം, ദാനഭൂവിൽ നിലനിൽക്കുന്ന പാമ്പിൻകാവിനെ ചുററിപ്പററിയുള്ള ഹൈന്ദവ രാഷ്ട്രീയ ഇടപെടലാണെന്ന് വേണം കരുതാൻ.


കമല സുരയ്യ

കമലയ്ക്ക് തന്റെ പരമ്പരാഗത സ്വത്തിലെ വിലപ്പെട്ട കാര്യം തറവാടു വീടായിരുന്നില്ല. അവർ അത് ഒരു ഘട്ടത്തിൽ പൊളിച്ചുകളഞ്ഞിരുന്നു. പാമ്പിൻകാവ് അവിടെ ഇല്ല എന്ന് അവർ പറഞ്ഞതായി മാദ്ധ്യമങ്ങൾ. അവരുടെ മനസ്സുനിറയെ അവിടെ പൂത്ത നീർമാതളം മാത്രം. "നീർമാതളപ്പൂക്കളുടെ മണം അമ്മയുടെ താരാട്ടായിരുന്നു. രാത്രികാലങ്ങളിൽ ഞാൻ ഉറങ്ങാൻ കിടക്കുന്ന അമ്മയുടെ ആശ്ലേഷത്തിൽ നിന്ന് സ്വന്തം ശരീരത്തെ മോചിപ്പിച്ച് എത്ര തവണ ജനലിലേക്ക് ഓടിയിട്ടുണ്ട് – പൂത്തു നിൽക്കുന്ന നീർമാതളം ഒരു നോക്കുകൂടി കാണാൻ. നിലാവിലും നേർത്ത നിലാവായി ആ ധവളിമ....." കമലയുടെ ലോകം ഇതാണ്! നൂററാണ്ടുകളുടെ പഴകിപ്പുഴുകുത്തിയ വിശ്വാസങ്ങളല്ല, കാല്പനികക്കാഴ്ചയുടെ അരണ്ട ധവളിമയും ഉന്മത്ത പുഷ്പഗന്ധവുമാണ് കമലയുടെ ആത്മാവിൽ. "The crisis of life is not death, but growth' എന്ന തെളിമയുള്ള തിരിച്ചറിവും അവരുടെ രചനകളിൽ ഉണ്ട്.


യൂസഫലി

മതമാത്സര്യം സജീവമാകുന്ന ഒരു ഘട്ടത്തിലായിരുന്നു കമലയുടെ മതംമാററം. സർഗ്ഗശക്തിയുടെ അസാധാരണ പരിവേഷം ചൂഴുന്ന അവരുടെ വ്യക്തിത്വം, മധുലധാർഷ്ട്യത്തോടെ മതപരിവർത്തനം പ്രഖ്യാപിച്ചപ്പോൾ 'ആത്മാവിലെങ്ങാണ്ടു തേളുകടിച്ചപോൾ ആൽത്തറ സന്യാസിമാർ അമ്പരന്നു.' തന്റെ കുടുംബത്തിലെ തന്നെ പലർക്കും കാവ് ആരാദ്ധ്യവും ആചാരങ്ങൾ അലംഘ്യങ്ങളും ആണെന്നിരിക്കെ, അത് അവിടെ ഇല്ല എന്ന് അലക്ഷ്യമായി കമല പറയുമ്പോൾ, വീണ്ടുമൊരു നിർഭയ നിഷേധസ്വരത്തിന്റെ സ്വതന്ത്രവീചികൾ ഉതിർക്കപ്പെടുന്നു. 'താരകങ്ങൾ പുഞ്ചിരിച്ച നീലരാവിൽ' യൂസഫലി 'ഓമലാളെ കാണു'മ്പോൾ കമല നീർമാതളപ്പൂക്കളുടെ സൗന്ദര്യവും സൗരഭ്യവും നുകരുന്നു. യൂസഫലി, തന്റെ മതത്തെ പ്രതിസ്ഥാനത്തു നിർത്തുന്ന ഒരു മതരാഷ്ട്രീയ ശക്തിയുടെ സാന്നിദ്ധ്യം ഒരു അദ്ധ്യക്ഷപദവിയുടെ പശ്ചാത്തലത്തിൽ പ്രായോഗിക ബുദ്ധിയോടെ കാണുന്നു. കമല അത് അവഗണിക്കുന്നു.


ഫാനയ്ക്കെതിരെ ബി.ജെ.പി. രോക്ഷം

മതത്തിന്റെ വൈപരീത്യമാർന്ന അധീശത്വം സ്ഥാപിക്കാൻ അവസരം പാർത്തിരിക്കുന്നവർ ഇവിടെ കാവ് തീണ്ടാൻ ഒരുങ്ങുകയാണോ?

## ദി ഡാവിൻചി കോഡ്

അമീർഖാൻ ചിത്രമായ 'ഫനാ'യ്ക്ക് നേരെ ഗുജറാത്തിൽ ബി. ജെ. പി. പ്രവർത്തകർ രംഗത്തിറങ്ങിയിരിക്കുന്നു. നടനെയും ചിത്രത്തെയും വിമർശിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത് രണ്ട് കാര്യങ്ങൾ ആണ്. ഒന്ന്, അമീർ, മുഖ്യമന്ത്രി നരേന്ദ്രമോഡിയെ വിമർശിച്ചു. രണ്ട്, നർമ്മദ ബചാവോ ആന്ദോളനെ അനുകൂലിച്ചു. ഇതുണ്ടാക്കിയിരിക്കുന്ന സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ Outlook വീക്ലി നടത്തിയ സർവേയിൽ 66% ആളുകളും ഈ ചിത്രം കാണണമെന്ന് ആഗ്രഹിക്കുന്നതായി തെളിഞ്ഞു. ശേഷിക്കുന്നവർ ബി. ജെ. പി. ക്ക് അനുകൂലമാണ്. ബി. ജെ. പി. ക്ക് ഈ ചിത്രം മൂലം കാര്യമായ ദോഷം വരില്ല എന്നറിയാമെങ്കിലും, കോലാഹലമുണ്ടാക്കി കുറച്ച് മൈൽ അധികം കിട്ടിയാൽ നന്നല്ലേ എന്ന ചിന്ത അവരെ നയിക്കുന്നു.

ഇത് ഗുജറാത്തിലെ കാര്യം. കൊളംബിയ - ഇമാജിൻ കമ്പയിൻസ് ലോക സിനിമാ മാർക്കററിൽ ഇറക്കിയ 'ദി ഡാവിൻചി കോഡ്' മതമേലദ്ധ്യക്ഷന്മാരുടെ സ്വാസ്ഥ്യം കെടുത്തിയിരിക്കുന്നു. ഡാൻ ബ്രൗൺ എഴുതിയ നോവൽ ആണ് ഇതിന് നിദാനം. 2003 ലെ ബെസ്ററ് സെല്ലർ ആയിരുന്നു അതേ പേരിലുള്ള ആ പുസ്തകം. ഓസ്കാർ സമ്മാനം വാങ്ങിയിട്ടുള്ള റോ ഹൊവാഡ് ആണ് സംവിധായകൻ. പുസ്തകം 105 ചെറു ചെറു അദ്ധ്യായങ്ങളായി എഴുതപ്പെട്ടതാണ്. പാരായണ ക്ഷമമായ ശൈലിയിൽ എഴുതിയ നോവലിൽ വ്യതിരേക സ്വഭാവമാർന്ന ഇതിവൃത്തം കൂടിയായപ്പോൾ ബെസ്ററ് സെല്ലർ ആയി. (സാഹിത്യചോരണം നടത്തിയ ഒരു മലയാളി പ്പെണ്ണിന്റെ നോവലും ബെസ്ററ് സെല്ലർ ആയ വാർത്തയ്ക്ക് പഴക്കമില്ല)



ടോം ഹാക്സ്, ഓഡ്രിററാറു


യേശുക്രിസ്തു മഗ്ദലനമറിയത്തെ വിവാഹം ചെയ്തു എന്നും അതിൽ സന്തതിപരമ്പരകളുണ്ടായി എന്നും, ഏററവും ഒടുവിലത്തെ കണ്ണിയായി സോഫി എന്ന പെണ്ണ് ജീവിച്ചിരിക്കുന്നു എന്നുമാണ് കഥ. സോഫിയുടെ അച്ഛനമ്മ സഹോദരൻമാർ മരണപ്പെട്ടു, ഒരു അപകടത്തിൽ. കാർ ട്രക്കുമായി കൂട്ടിയിടി(പ്പി)ച്ച് സോഫിയൊഴികെയുള്ളവർ മരണപ്പെട്ടു. സോഫിയും മരണപ്പെട്ടു എന്നാണ് വാർത്ത വന്നത്. അങ്ങനെ ഒരു കണ്ണിപോലും അവശേഷിക്കാതെ യേശുവെന്ന ദിവ്യജന്മത്തിന് ദൂരവും അപ്രാപ്യതയും ചമയ്ക്കാനത്രെ ഈ കണ്ണി മുറിപ്പിച്ചത്. മറിയത്തിന്റെ ശവക്കല്ലറ നിഗൂഢമാക്കി. വിശുദ്ധപാനപാത്രം (Holy Grail) റോസ് ലൈനിന് താഴെ ഒളിപ്പിച്ചു. യേശുവിന്റെ ഭൗതിക സാന്നിദ്ധ്യത്തിനുള്ള തെളിവുകൾ ഗുപ്തമാക്കുക വഴി യേശുദേവന്റെ ദിവ്യഭാവത്തിന് തിളക്കമേകുക, ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള പൗരോഹിത്യത്തിന്റെ മഹനീയ പ്രതിപുരുഷത്വം ഉറപ്പിക്കുക എന്നിവ സാദ്ധ്യമത്രെ. സിയോണിലെ പ്രയോറി എന്ന രഹസ്യ സൊസൈററിയിലെ അംഗങ്ങളായിരുന്നു ഐസക് ന്യൂട്ടൻ, വിക്ടർയൂഗോ, ഡാവിൻചി തുടങ്ങിയവർ. പ്രയോറിയിലെ പ്രധാനിയായ പുരോഹിതൻ കൊല്ലപ്പെടുന്നതോടെയാണ് കഥ തുടങ്ങുന്നത്. യേശുവിന്റെ ഭൗതിക സാന്നിദ്ധ്യത്തിന്റെ തെളിവ് പ്രയോറിയിലെ അംഗങ്ങൾക്ക് അറിവുള്ളതായിരുന്നു. കൊല്ലപ്പെട്ടയാളിനും അറിയാമായിരുന്നു. അതു രഹസ്യമാണെന്നിരിക്കെ, ആ രഹസ്യം ചോർത്താനായിരുന്നു കൊലപാതകം. ഒരു തിരുസഭയുടെ ബിഷപ് നിയോഗിച്ച സൈലസ് ആയിരുന്നു ഘാതകൻ.

ഡിപ്പോസിററി ബാങ്ക് ഓഫ് സൂറിച്ചിൽ സൂക്ഷിച്ചിരിക്കുന്ന സോഫിയുടെ പൈതൃക സ്വത്ത് ഒരു ചെറു പേടകമാണ്. ആ പേടകത്തിൽ ചരിത്രരഹസ്യത്തിലേക്കുള്ള മാർഗ്ഗരേഖ ഉണ്ട്. പേടകത്തിന്റെ പുറത്തുള്ള അക്ഷരങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന ഒരു

കോഡ് വാക്ക് കൊണ്ട് പേടകം തുറക്കാം. അതിലൊരു തുണ്ടു പേപ്പറിൽ രഹസ്യമുണ്ട്. പേടകം തല്ലിത്തുറക്കുവാൻ ശ്രമിച്ചാൽ അതിലുള്ള വിനാഗിരി (Vinegar) വീണ് തുണ്ട് നശിക്കും, രഹസ്യവും.

ഡാവിഞ്ചിയുടെ 'The Last Supper' എന്ന പെയ്ന്റിംഗിൽ യേശുവിന് സമീപം ഒരു സ്ത്രീയുടെ സാന്നിദ്ധ്യം ഉണ്ട്. അത് മേരി മഗ്നലീനത്രെ. ചിത്രം വരച്ച ഡാവിൻചിക്ക് യേശുവിന്റെ വൈവാഹികത്തെക്കുറിച്ച് അറിയാമായിരുന്നല്ലൊ. ചിത്രത്തിൽ യേശുവിന്റെ ഒരു വശത്ത് ഒരു ശൂന്യതയുണ്ട്. അതിന് 'V' ആകൃതിയാണ്. സിമ്പോളജി പ്രകാരം അത് സ്ത്രീയെ സൂചിപ്പിക്കുന്നു. കമഴ്ന്ന V അഥവാ 'Λ' (Blade) പുരുഷനെ സൂചിപ്പിക്കുന്നു. വെറും V (Chalice) സ്ത്രീയെ സൂചിപ്പിക്കുന്നു. സിനിമ ഇതെല്ലാം പ്രതിപാദിക്കുന്നു. റോബർട്ട് ലാങ്ടൺ എന്ന റിലിജിയസ് സിമ്പോളജി പ്രൊഫസറും ലെയ് ടീബിഗ് എന്ന കഥാപാത്രവുമാണ് ഇക്കാര്യങ്ങൾ പറയുന്നത്. റോബർട്ട് ലാങ്ടൺ രഹസ്യപേടകം തുറന്ന് തുണ്ടെടുത്തു ചരിത്രരഹസ്യമുറങ്ങുന്ന സ്ഥാനം വായിച്ചറിയുന്നു. പേടകം കൈവശപ്പെടുത്താനുള്ള ലെയ് ടീബിഗിന്റെ ശ്രമത്തിൽ അയാളെ പോലീസ് പിടിക്കുന്നു. അയാൾ ലാങ്ടണോട് വിളിച്ചു പറയുന്നു, "നിങ്ങൾ യേശുവിന്റെ ഭൗതിക സാന്നിദ്ധ്യത്തിന്റെ സത്യങ്ങൾ ലോകത്തോട് ഉറക്കെ വിളിച്ചു പറയുക!"

തീർച്ചയായും പള്ളിയെയും മതവിശ്വാസത്തെയും ഈ ചിത്രം ഹിതമല്ലാത്തത് പറഞ്ഞ് ആക്രമിക്കുന്നുണ്ട്. കേവലമായ ഈ ആക്രമണം കൊണ്ട് തലമുറകളായി വളർന്ന വിശ്വാസത്തിന്റെ അത്ഭുതസമുച്ചയങ്ങൾ തകർക്കാൻ കഴിയില്ല. അതുകൊണ്ടാണ് ചിലർ പറയുന്നത്, മതമേധാവികളെക്കൊണ്ട് മൊഴികളിറക്കിച്ചും നിരോധനം ഏർപ്പെടുത്തിയും പടം ഓടിച്ചെടുക്കുകയാണെന്ന്. അതും സത്യമാകാം. പക്ഷെ ആശ്വാസകരമായ ഒന്നുണ്ട്. സിനിമ നിരോധിക്കാൻ ഭാരതത്തിലെ ഔദ്യോഗിക നിര തയ്യാറായില്ല. ഒരു



രഹസ്യ പേടകം

ആശ്ശയ പ്രകാശനത്തിന് അനുമതി നൽകുക വഴി ഇന്ത്യൻ അധികാരികൾ വിശാല മനസ്കതയും ഉദാത്തമായ നീതിബോധവും കാട്ടിയിരിക്കുന്നു.

മനുഷ്യമനസ്സിന്റെ സംസ്കരണത്തിനും അഭ്യുന്നതിക്കും വേണ്ടി ഉടലെടുത്ത മതസംഹിതകൾ, ആർത്തിയും ദുരയും മൂത്തവർ കൈവശപ്പെടുത്തി ലാഭത്തിനൊരുങ്ങുമ്പോഴാണ് അനഭിമതമാകുന്നത്. ലോകനീതിക്കും നന്മയ്ക്കും ചേരും വിധം പാകപ്പെട്ട മനസ്സുള്ളവർ മത ആശയങ്ങൾ വിളംബരം ചെയ്ത് മരണാനന്തര സ്വർഗ്ഗം വാക്കു പറഞ്ഞാൽ അപാകതയില്ല. ജീവിച്ചിരിക്കുന്ന മനുഷ്യന് ഭൂമിയിൽ തന്നെ സ്വർഗ്ഗസമാനമായ വ്യവസ്ഥിതി നൽകുന്നതാണ് അഭികാമ്യം. അത് പ്രഖ്യാപിക്കുന്ന പ്രസ്ഥാനവും പ്രത്യയശാസ്ത്രവും കൈകാര്യം ചെയ്യുന്നവർക്കും നേർബുദ്ധി വേണം; സ്നേഹവും കരുണയും നിസ്വാർത്ഥതയും ഒക്കെ വേണം. ആ പ്രസ്ഥാനങ്ങളിൽ വിരുദ്ധർ നുഴഞ്ഞുകയറി അധീശത്വം സ്ഥാപിച്ചാൽ മതത്തെക്കാളും അഭിമതമായിത്തീരുകയും ചെയ്യും.

Dr. P.S. Mohankumar
S.S.College, Kalady

# Rupee Convertibility

Full convertibility of rupee stands for removal of controls on cross border movement of capital, whether from India or from the rest of the world to India, except on national security ground and sector – specific policies. Today, rupee is fully convertible on the current account ie. for trade in goods and services and for transfer of remittances. It is almost fully convertible on capital account as well for foreign investors other than individuals. Indian companies borrowing abroad, investments abroad, individuals ability to invest in stocks or property abroad are restricted by the lack of convertibility. Full convertibility means greater freedom for business and individuals to move capital out of the country for investment purposes. Currently, capital comes far more freely into the country but the option of taking it out is very limited. The Reserve Bank of India (RBI) on March 20, 2006 announced the appointment of a committee, headed by its former Deputy Governor S.S. Tarapre, to set out the framework for fuller capital account convertibility. The committee will commence its work from May 2, and it is expected to submit its report by July 31. The other members of the Committee are Surjit Bhalla, M .G Bhide, R.H Patil, A.V Rajwade and Ajit Ranade. The committee will also study the implications of dollaristaion in India and the implication of fuller capital account convertibility on monetary and exchange rate management. The rupee has became fully convertible on current account after reforms in 1991.

## *India Versus China*

Over the last five years China has grown at an annual rate of 9.7% to became the world's fourth largest economy with a gross domestic product (GDP) of $ 2.3 trillion in 2005, overtaking the UK, France and Italy. India is growing at an average rate of 8% a year for the last 3 years to a log a GDP of $ 700 billion in 2005 – 06.India and China constitutes about 6% of the global GDP, their contribution is about 13% of the incremental growth in GDP for 2004.

By 2002, India will become the third largest economy and China will rule the world of trade. The two countries attract 12.5% of the world's FDI. According to World Bank, to start a business requires 71 days in India and 48 days in China, compared to 6 days in Singapore, enforcing

# ഡോ.കെ.ററി.ജലീൽ എം.എൽ.എ.യ്ക്ക് സ്വീകരണം




ഡോ. കെ. ററി. ജലീൽ എം. എൽ. എ. ക്ക് എ. കെ. പി. സി. ടി. യുടെ ആഭിമുഖ്യത്തിൽ സഹപ്രവർത്തകരും വിദ്യാർത്ഥികളും PSMO കോളജിൽ സ്വീകരണം നൽകി.

കോളജ് ഓഡിറേറാറിയത്തിൽ നടന്ന സ്വീകരണ യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. കെ. അയവിക്കുട്ടി അദ്ധ്യക്ഷം വഹിച്ചു. ജില്ലാ സെക്രട്ടറി പ്രൊഫ. പി. മമ്മദ് ഉദ്ഘാടനം ചെയ്തു.

പ്രൊഫ. എ. പി. അബ്ദുൾ വഹാബ്, പ്രിൻസിപ്പൾ മേജർ കെ. ഇബ്രാഹിം, പ്രൊഫ. എൻ. അബ്ദുൾഹമീദ്, പ്രൊഫ. എം. അബ്ദുള്ള് അസീസ്, യൂണിയൻ ചെയർമാൻ നൗഫൽ എന്നിവർ പ്രസംഗിച്ചു.

ഡോ. ജലീൽ മറുപടി പ്രസംഗത്തിൽ തന്റെ തെരഞ്ഞെടുപ്പ് അനുഭവങ്ങളും ഇടതുപക്ഷ വിജയത്തിന്റെ പ്രാധാന്യവും വിശദീകരിച്ചു. താൻ വിദ്യാർത്ഥിയായും അദ്ധ്യാപകനായും വളർന്ന കോളജ് കാമ്പസാണ് തന്നെ ഈ നിലയിലേക്കുയർത്തിയത് എന്നദ്ദേഹം പറഞ്ഞു.

ബ്രാഞ്ച് സെക്രട്ടറി ഡോ. പി. വി. ബഷീർ അഹമ്മദ് സ്വാഗതവും ഡോ. പി. പി. അബ്ദുൾ റസാക്ക് നന്ദിയും പറഞ്ഞു.

---

debt controls requires 425 days in India and 241 days in China, and 69 days in Singapore. India is rated a better environment for investment than China, thanks to higher returns on capital, achieving a GDP growth of 7 – 8% on an investment rate of 29% against a 9.5% growth on investment rate of 45% by China. Goldman Sachs report has predicted that in dollar terms China could overtake Germany in the next four years and the US by 2039. India's economy could be the 3rd largest after China and the US in the next 30 years.

The other side of the picture says that out of the total 2.3 billion people in the two countries, nearly 1.5 billion earn less than $ 2 a day. The illiteracy rate is 35.2% in India and 24% in China and unemployment rate is 9.9% in India and 4.2% in China. Some other vital statistics are given below.

| | China | India |
|---|---|---|
| Global exports | 7.2% | 0.9% |
| Literacy levels | 95% | 65% |
| Life expectancy | 71 years | |
| | 65 years | |
| Global FDI flows | 8.8% | 0.9% |

### *American Depository Receipts (ADR)*

Certificates issued by a US Depository Bank, representing foreign shares held by the bank, usually by a branch or correspondent in the country of issue.

One ADR may represent a portion of a foreign share, one share or a bundle of shares of a foreign corporation.

### *Bench Mark Interest Rates*

Also called the base interest rate the minimum interest rate that investors will demand for investing in a non- Treasury security.

ഡോ. എം.ആർ.സുദർശനകുമാർ
എം.ജി. കോളജ്, തിരുവനന്തപുരം

# തീവ്രവാദം.കോം

"എത്ര കൂടുതൽ വെബ്സൈററുകളുണ്ടോ, അത്രയും നമുക്ക് മെച്ചമാണ്. ഇന്റർനെററ് നാമൊരുപകരണമാക്കേണ്ടിയിരിക്കുന്നു." ഏതെങ്കിലുമൊരു കമ്പനി ഇന്റർനെററ് ഉപയോഗപ്പെടുത്തുവാൻ പ്രേരിപ്പിക്കുന്ന വാചകമല്ലത്. അൽ ഖദയുടെ വെബ്സൈററിലെ വാചകമാണ്. തീവ്രവാദി സംഘടനകൾ ആഗോളതലത്തിൽ ഉപയോഗപ്പെടുത്തുന്ന സാങ്കേതികവിദ്യയാണ് ഇന്റർനെററ്. ഹൈഫ സർവകലാശാലയിലെ ഗബ്രിയൽ വീൻമാൻ എട്ടു വർഷം കൊണ്ട് നടത്തിയ സർവ്വേയിൽ നാല്പതോളം തീവ്രവാദി സംഘടനകൾക്ക് 4300 ഓളം വെബ്സൈററുകളുണ്ടെന്ന് കണ്ടെത്തി. കൂടുതൽ വിവരങ്ങൾ Gariel weimman എഴുതിയ Terror on the Internet: The New Arena, the new challenges, US Institute of Peace Press എന്ന പുസ്തകത്തിൽ ലഭിക്കുന്നതാണ്.

## *പാകിസ്ഥാനിൽ ആറ് പുതിയ ശാസ്ത്രസർവകലാശാലകൾ വരുന്നു.*[2]

പാകിസ്ഥാനിൽ 2008 ഓടെ ആറ് പുതിയ ശാസ്ത്ര സർവകലാശാലകൾ സ്ഥാപിക്കുവാൻ സർക്കാർ പദ്ധതിയിടുന്നു. വിവിധ മേഖലകളിൽ പുതിയ സാങ്കേതിക വിദ്യ പ്രദാനം ചെയ്യുകയാണ് ഈ സർവകലാശാലകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. അഞ്ച് യൂറോപ്യൻ രാജ്യങ്ങളുടേയും ദക്ഷിണ കൊറിയയുടെയും സാമ്പത്തിക സഹായത്തോടെയാണ് സർവകലാശാലകൾ സ്ഥാപിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗം പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമാണിത്. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിലെ മുതൽമുടക്ക് 1500% മാണ് പാകിസ്ഥാൻ സർക്കാർ വർദ്ധിപ്പിച്ചത്.

## *ശനിയുടെ ചന്ദ്രനിൽ ചൂടുവെള്ളവും നീരാവിയും*[3]

ശനിയുടെ ഉപഗ്രഹമായ എൻസിലാഡസിൽ (enceladus) ഉഷ്ണജല പ്രവാഹമുണ്ടെന്ന് കണ്ടെത്തി. കിലോമീററുകളോളം അത് നീരാവി വമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സൗരയൂഥത്തിലെ ജലത്തിന്റെ ഒരു സംഭരണിയാകാം എൻസിലാഡസെന്നു ശാസ്ത്രജ്ഞർ കരുതുന്നു.

## *ഹീലിയത്തിന്റെ രണ്ടാമത്തെ ക്വാണ്ടം അവസ്ഥ*[4]

'ഹീലിയത്തിന് സൂപ്പർ ഫ്ളൂയിഡ്' എന്ന ക്വാണ്ടം അവസ്ഥയുണ്ടെന്ന് നേരത്തെയറിയാമായിരുന്നു. സൂപ്പർ സോളിഡ്' എന്ന 'രണ്ടാമതൊരു ക്വാണ്ടം അവസ്ഥ കൂടി ഹീലിയത്തിനുണ്ടെന്ന് ഇപ്പോൾ സ്ഥിരീകരിക്കപ്പെട്ടു. ഖര ഹീലിയത്തെ 0.3 കെൽവിനും താഴെ തണുപ്പിച്ച് പതിയെ കറക്കുമ്പോഴാണ് സൂപ്പർ സൊളിഡിററി എന്ന അവസ്ഥ പ്രത്യക്ഷപ്പെടുന്നത്. ഈ അവസ്ഥയിൽ ഖരം ഒഴുകാൻ തുടങ്ങും.

രണ്ടു വർഷം മുമ്പ് പെൻസിൽവാനിയ സ്റേററ് സർവകലാശാലയിലെ Moses Chan ഉം Eun-Seong Kim ഉം കണ്ടെത്തിയ ഈ അവസ്ഥ ഇപ്പോൾ മൂന്ന് വ്യത്യസ്ത ശാസ്ത്രസംഘങ്ങൾ നടത്തിയ പരീക്ഷണങ്ങളിൽ സ്ഥിരീകരിക്കപ്പെട്ടു.

References

1.The Economist, 29 April 2006, p. 83
2.Nature, 30 March 2006, p. 594
3.Physics World, April 2006, p. 5
4.Nature, 23 March 2006, p. 397

# സംസ്ഥാന ശമ്പള പരിഷ്കാരത്തിൽ കോളജ് അധ്യാപകർക്കുള്ള ആനുകൂല്യങ്ങൾ

യു. ജി. സി./ എ. ഐ. സി. ററി. ഇ. പദ്ധതിയനുസരിച്ച് ശമ്പള സ്കെയിലുകൾ നിശ്ചിയക്കപ്പെട്ടിട്ടുള്ള കേരളത്തിലെ എയ്ഡഡ് കോളജ് അധ്യാപകർക്ക് സംസ്ഥാന സർക്കാർ 1.7.2004 മുതൽ നടപ്പാക്കിയ പുതുക്കിയ ശമ്പള സ്കെയിലുകൾ ലഭിക്കുകയില്ലെങ്കിലും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന മററ് ആനുകൂല്യങ്ങൾ പുതുക്കിയ നിരക്കിൽ ലഭിക്കുമെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

## I വീട്ടുവാടക ബത്ത (HRA)

നഗരങ്ങളുടെയും മററ് സ്ഥലങ്ങളുടെയും അടിസ്ഥാനത്തിൽ വീട്ടു വാടക ബത്ത പുതുക്കിയത് താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

| പുതുക്കിയ ശമ്പളം (രൂപ) | B വിഭാഗം നഗരം | C വിഭാഗം നഗരം | B&C വിഭാഗത്തിൽ പെടാത്ത ടൗണുകൾ | മററ് സ്ഥലങ്ങൾ |
|---|---|---|---|---|
| 4300-4589 | 250 | 190 | 190 | |
| 4590-7299 | 400 | 280 | 280 | 150 |
| 7300-13699 | 600 | 390 | 340 | |
| 13700-17099 | 750 | 500 | 380 | |
| 17100-20199 | 1000 | 680 | 380 | |
| 20200 ന് മുകളിൽ | 1200 | 790 | 380 | |

**കുറിപ്പ്:**

1. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഇവയാണ് B വിഭാഗം നഗരങ്ങൾ.
2. ആലപ്പുഴ, ചങ്ങനാശ്ശേരി, കാഞ്ഞങ്ങാട്, കണ്ണൂർ, കാസർഗോഡ്, കായംകുളം, കുന്നംകുളം, കൊല്ലം, കോട്ടയം, മലപ്പുറം, മഞ്ചേരി, നെടുമങ്ങാട്, നെയ്യാററിൻകര, പാലക്കാട്, പയ്യന്നൂർ, പൊന്നാനി, കൊയിലാണ്ടി, തളിപ്പറമ്പ്, തിരുവല്ല, തൃശൂർ, തിരൂർ, വടകര ഇവയാണ് C വിഭാഗം നഗരങ്ങൾ/ ടൗണുകൾ
3. മററ് മുനിസിപ്പൽ പ്രദേശങ്ങൾ അതുപോലെതന്നെ മററ് ജില്ലാ/ താലൂക്ക് ആസ്ഥാനങ്ങൾ എന്നിവയാണ് B & C വിഭാഗത്തിൽപ്പെടാത്ത സ്ഥലങ്ങൾ.
4. മുകളിൽ പറഞ്ഞിരിക്കുന്ന നഗരങ്ങൾ/മുനിസിപ്പാലിററികൾ മുതലായവയുടെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകൾക്കുമാത്രമേ ഈ നിരക്കുകൾ ബാധകമാകുകയുള്ളൂ.

## II. സിററി കോമ്പൻസേററി അലവൻസ് (CCA)

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ജോലി ചെയ്യുന്നവർക്കുള്ള CCA താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ്

| പുതുക്കിയ ശമ്പളം (രൂപ) | പ്രതിമാസ നിരക്ക് |
|---|---|
| 4990 ന് താഴെ | 30 |
| 4990 ഉം അതിന് മുകളിലും എന്നാൽ 7480 ന് താഴെ | 40 |
| 7480 ഉം അതിന് മുകളിലും എന്നാൽ 9540 ന് താഴെ | 65 |
| 9590 ഉം അതിന് മുകളിലും | 120 |

## III. യാത്രാബത്ത (Travelling Allowance)

യാത്രാബത്ത നൽകുന്നതിന്റെ ഭാഗമായി ജീവനക്കാരെ 4 ഗ്രേഡുകളായി തിരിച്ചിരിക്കുന്നു. അവർക്കർഹതയുള്ള യാത്രാബത്തയും ഇൻസിഡന്റൽ എക്സ്പെൻസും താഴെ കൊടുത്തിരിക്കുന്നു.

| ഗ്രേഡ് | പുതുക്കിയ ശമ്പളം (രൂപ) | യാത്രക്കുള്ള അർഹത | ഇൻസിഡന്റൽ എക്സ്പെൻസ് |
|---|---|---|---|
| ഗ്രേഡ് I | 14900 ഉം അതിന് മുകളിലും | II AC | 0.25 |
| ഗ്രേഡ് II(a) | 12400 ഉം അതിന് മുകളിലും എന്നാൽ 14900 ത്തിന് താഴെയും | Iക്ളാസ് ട്രെയിനിൽ I ക്ളാസ് ഇല്ലെങ്കിൽ IIAC | 0.20 |
| ഗ്രേഡ് II(b) | 8000 ഉം അതിന് മുകളിലും എന്നാൽ 12400 ന് താഴെയും | III AC, ട്രെയിനിൽ അതില്ലെങ്കിൽ I ക്ളാസ് | 0.18 |
| | 5000 ഉം അതിന് മുകളിലും എന്നാൽ 8000 ത്തിന് താഴെ | II ക്ളാസ് | 0.15 |
| ഗ്രേഡ് IV | 5000 ത്തിന് താഴെ | II ക്ളാസ് | 0.15 |

എല്ലാ വിഭാഗത്തിൽ പെട്ടവർക്കും മൈലേജ് അലവൻസ് കിലോമീററിന് 80 പൈസ ആയിരിക്കും.

## IV. കണ്ണട വാങ്ങുന്നതിനുള്ള അലവൻസ്

കണ്ണട വാങ്ങുന്നതിനുള്ള ബത്ത (സർവീസിൽ ഒരിക്കൽ മാത്രം) 300 രൂപയിൽ നിന്ന് 500 ആക്കി വർദ്ധിപ്പിച്ചു.

## V. ഹിൽട്രാക്റ്റ് അലവൻസ്

പുതുക്കിയ ഹിൽട്രാക്റ്റ് അലവൻസ് താഴെ കൊടുത്തിരിക്കുന്ന വിധമാണ്

| പുതുക്കിയ ശമ്പളം | പ്രതിമാസ നിരക്ക് |
|---|---|
| 9190 ഉം അതിന് മുകളിലും | 140 |
| 5780 ന് മുകളിൽ എന്നാൽ | |
| 9190 ന് താഴെ | 130 |
| 5780 ഉം അതിന് താഴെയും | 100 |

## VI. ദിനബത്ത (Daily Allowance)

ജോലിക്കാരുടെ ദിനബത്ത താഴെ കൊടുത്തിരിക്കുന്ന വിധം പുനർ ക്രമീകരിച്ചിരിക്കുന്നു.

| ഗ്രേഡ് | സംസ്ഥാനത്തിനകത്ത് (രൂപ) | സംസ്ഥാനത്തിനുപുറത്ത് (രൂപ) |
|---|---|---|
| ഗ്രേഡ് I | 150 | 220 |
| ഗ്രേഡ് II (a) | 120 | 170 |
| ഗ്രേഡ് II(b) | 120 | 140 |
| ഗ്രേഡ് III & IV | 100 | 110 |

**7. ലീവ് സറണ്ടർ**

എല്ലാ വിഭാഗത്തിലുള്ള ജോലിക്കാർക്കും ഒരു സാമ്പത്തിക വർഷത്തിൽ സറണ്ടർ ചെയ്യാവുന്ന ആർജ്ജിത അവധിയുടെ പരിധി 20 ൽ നിന്ന് 30 ദിവസമാക്കി ഉയർത്തി. ഇതിന്റെ പ്രാബല്യം 1.4.2006 മുതൽക്കേ ഉണ്ടാവുകയുള്ളു.

2006 മാർച്ച് 1 ന് ശേഷവും പഴയ ശമ്പള സ്കെയിലിൽ തുടരുന്നവർക്ക് HRA മുതലായ മററാനുകൂല്യങ്ങൾ പുതുക്കിയ നിരക്കിൽ ലഭിക്കുന്നത് ഇപ്പോഴുള്ള അടിസ്ഥാന ശമ്പളത്തിൽ 59 ശതമാനം ക്ഷാമബത്ത ലയിപ്പിച്ചു കിട്ടുന്ന സംഖ്യയുടെ അടിസ്ഥാനത്തിലായിരിക്കും.

**8. ഗ്രാററുവിററി**

പെൻഷൻപററുന്ന സമയത്ത് ലഭിക്കുന്ന പരമാവധി ഗ്രാററുവിററി 2.80 ലക്ഷം രൂപയിൽ നിന്ന് 3.30 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

ചോദ്യം : സംസ്ഥാന സർക്കാർ ശമ്പള പരിഷ്ക്കാരം നടപ്പാക്കിയപ്പോൾ എന്തുകൊണ്ടാണ് കുറേ കോളജ് അധ്യാപകരുടെ HRA യിൽ കാര്യമായ കുറവ് വന്നത്?

ഉത്തരം: സംസ്ഥാന ജീവനക്കാരുടെ കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിൽ ഉണ്ടായിരുന്ന HRA സംബന്ധിച്ച ഒരാനുകൂല്യം ഇപ്രാവശ്യത്തെ ശമ്പള പരിഷ്ക്കരണത്തിൽ പിൻവലിച്ചതാണ് കുറച്ച് അധ്യാപകരുടെ HRA യിൽ കുറവുണ്ടാകാൻ കാരണമായത്. കഴിഞ്ഞ സംസ്ഥാന ശമ്പള പരിഷ്ക്കരണത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ B വിഭാഗം നഗരത്തിന്റെ പുറത്ത് 5 കി. മീ. പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജോലിക്കാർക്ക് കൂടി പ്രസ്തുത നഗരത്തിന് ബാധകമായ നിരക്കിലുള്ള വീട്ടുവാടക ബത്ത നൽകിയിരുന്നു. എന്നാൽ ഇപ്പോൾ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണത്തിൽ ഈ 5 കി. മീ. പരിധി എടുത്തുകളഞ്ഞു. അതുപോലെതന്നെ C വിഭാഗം നഗരത്തിന്റെ പരിധിക്ക് പുറത്ത് 1 കി. മീ. പരിധിയിലും ഉണ്ടായിരുന്ന വീട് വാടകബത്ത സംബന്ധിച്ച ആനുകൂല്യം പുതിയ ശമ്പള പരിഷ്ക്കരണത്തിൽ നിർത്തലാക്കി. അതുകൊണ്ടാണ് കുറേ അധ്യാപകർക്ക് വീട്ടുവാടകബത്തയിൽ കാര്യമായ കുറവുണ്ടായത്. അവർക്ക് മററ് സ്ഥലങ്ങൾക്ക് ബാധകമായ ഏററവും കുറഞ്ഞ HRA ലഭിക്കുന്ന അവസ്ഥ വന്നുചേർന്നു. മററ് സംസ്ഥാന സർക്കാർ ജീവനക്കാരെപ്പോലെ നമ്മളും HRA യുടെ കാര്യത്തിൽ മുമ്പുണ്ടായിരുന്ന അവസ്ഥ പുനഃസ്ഥാപിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
മേഘന, മണ്ണുത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

## ഡോക്ടറേററ്



കേരള സർവകലാശാല യിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് നേടിയ പെരിങ്ങമ്മല ഇക്ബാൽ കോളജിലെ സെലക്ഷൻ ഗ്രേഡ് ലക്ചറർ ജെ. എസ്. സുധീർ "Industrial Relations in Small Scale Industries in Kerala" എന്ന വിഷയത്തെ അധികരിച്ച് കാലിക്കററ് യൂണിവേഴ്സിററി കോമേഴ്സ് വിഭാഗം മേധാവി ഡോ. കെ.പി.മുരളീധരന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കൊയിലാണ്ടി ആർ. ശങ്കർ മെമ്മോറിയൽ എസ്. എൻ. ഡി. പി. യോഗം കോളേജിലെ കോമേഴ്സ് വിഭാഗം മേധാവി കെ. അനിൽകുമാറിന് കേരള സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേററ് ലഭിച്ചു. "Identification and Evaluation of the Negative Factors of Tourism in Kerala" എന്ന വിഷയത്തെ അധികരിച്ച് കൊല്ലം ശ്രീനാരായണ കോളജ് പ്രിൻസിപ്പൽ ഡോ. എസ്. വി. സുധീറിന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

അഭിനന്ദനങ്ങൾ



കേരള സർവ്വകലാശാല യിൽ നിന്നും ഇംഗ്ലീഷിൽ ഡോക്ടറേററ് നേടിയ വി. ടി. എം. എൻ. എസ്. എസ് കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക ആശ കെ. നായർ "Reductionism to Restoration: Harold Bloom and Geoffrey Hartman as critics." എന്ന വിഷയത്തിൽ, കേരള യൂണിവേഴ്സിററിയിൽ പ്രൊഫസറായ ഡോ. മായാദത്തിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവകലാശാല യിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് നേടിയ പെരിങ്ങമ്മല ഇക്ബാൽ കോളജിലെ സെലക്ഷൻ ഗ്രേഡ് ലക്ചറർ എസ്. ഫൈസൽ "Synthesis, Characterization and Pharmacological Investigations of Lanthanide (III) ions with derivatives of Sulphanilamicle" എന്ന വിഷയത്തെ അധികരിച്ച് യൂണിവേഴ്സിററി കോളജിലെ ഡോ. ജി. രാജേന്ദ്രന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവകലാശാല യിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് നേടിയ കൊട്ടാരക്കര സെൻറ് ഗ്രിഗോറിയസ് കോളജിലെ സെലക്ഷൻ ഗ്രേഡ് ലക്ചറർ യോഹന്നാൻ വർഗീസ്. "Employment Security Measures in Unorganised Sector of Kerala- An evaluative Study" എന്ന വിഷയത്തെ അധികരിച്ച് കേരളാ യൂണിവേഴ്സിററിയിലെ ഡോ. എം. ശാരങ്ങധരന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

## The All kerala Private College Teachers' Association

Thiruvananthapuram
16-03-2006

To
The State Election Commission
Government of Kerala

Sir,
Sub: Deputing Teachers of Private Colleges for the forthcoming Assembly Elections in the state of Kerala- reg.

I wish to recall the bitter experience many teachers in private colleges had to undergo during the previous local body elections. Having a very high status in the society with regard to placement and salary we rightfully express our claim to be deputed for election duty as Presiding Officers. In the recent local body elections teachers from many private colleges were compelled to work as polling officers under the Presiding Officers who were below to the college teachers in rank and position. This anomaly was brought to your notice immediately. We firmly believe that it was a hitch that occurred unknowingly. Hence I request you to give the matter the attention it deserves so as to ensure that such discrepancy would not happen in the ensuing elections.

Thanking you,

Yours sincerely

R. Mohana Kumar
General Secretary, AKPCTA

## The All kerala Private College Teachers' Association

Thiruvananthapuram
17.05.2006

To
His Excellancy Governor of Kerala
and Chancellor of State Universities
Raj Bhavan, Thiruvananthapuram

I would like to bring to your notice the following matter for kind attention and immediate intervention.

It is reliably known that the University of Kerala has taken move to allow franchiese course to private institution in UAE to run distance education centers for conducting courses of the University. It is also known that a team of three members led by the Vice-Chancellor of Kerala University and another three member team led by the planning director of Kerala University had visited UAE to prepare grounds for granting clearance for the distance education centers in the private institutions. It is also leamt that an MOU is also prepared and signed while the state of kerala is busily undergoing polling to legislative assembly. The team had visited UAE with out informing the Indian embassy and it is suspected that the expense was met by a private institution in UAE, which would invariably lead to some sort of corruption.

It is unlawful and unethical to start any type of course in a foreign country, by the University, without obtaining prior consent from the Chancellor and the State Government

On Saturday, the 14th May of 2006, an advertisement was appeared in the front page of **Desabhimani Daily**, published by **'Wisdom Educational Institute'**, in which a large number of courses of the University of Kerala were offered. The emblem of the University of Kerala was also appeared in the advertisement, which is a grave offence committed by the said Institution, warrants a detailed enquiry.

In this context, I would like to bring to your attention that the decision to allow franchisee course is a violation of the directives of the University Grants Commission. The UGC directs that Universities should not allow franchisee and off-campus-courses because they would bring down the quality of education and may well result in malpractices. This would ultimately hurt the image of the University.

Therefore, it is requested to give necessary directions, to stop the move of the University to issue orders regarding sanction of 'Distance Education Centers' to private institutions in UAE, till the new Government in the State assumes charge.

Yours faithfully

R. Mohana kumar
General Secretary, AKPCTA

# The All kerala Private College Teachers' Association

Thiruvananthapuram
17.06.2006

To

The Honorable Minister for Education
Govt. of Kerala.

Sir,

Sub- Denial of Salary of Private College teachers by Deputy Directors of Collegiate Education- giving direction to the Director of Collegiate Education for releasing the salary of teachers, whose appointments are approved by the University — request regarding.

Ref: - 1) Kerala University First Statute 1979.

2) The Judgement of the Division Bench of the Hon. High Court of Kerala in O.P.No 14868 of 1995T dated 25th march 1996.

3) The Judgement of the Division Bench of the Hon.HighCourt of Kerala in O.P.No 17385 of 1999T and W.A 2780/1999 dated 18th Nov.2000.

4) Judgement of the Hon.HighCourt of Kerala in the C.M.P No. 17619/ in O.P.No. 10589/2001 dated 6th February 2001.

We would like to bring to your notice, a serious matter which brings hardship to the teachers of private colleges. The Deputy Directors of Collegiate Education are denying the salary of Private College Teachers, whose appointments are duly approved by the Universities as per the provisions in the Act, Statutes and Ordinances of the Universities concerned. This has been done by the Deputy DCE offices, on the basis of directions from the previous Government, which has the effect of derailing the normal functioning of the Aided Colleges.

Statute 14 (1) and (2) of the Kerala University first statute is reproduced here under.

*Statute 14 (I) Approval of every appointment to the teaching post shall be made by the syndicate subject to the condition that the appointment is in accordance with the staff pattern fixed by the University and that the person so appointed is fully qualified for the post.(2) The Deputy Director of Collegiate Education concerned shall verify before making direct payment of salaries as to whether the post for which the payment is claimed is in accordance with the staff pattern and workload fixed by the University. Doubtful cases shall be referred to the University for clarification and the correctness of the direct payment ensured.*

Further clarification in this issue has been made in the Judgment of the Division Branch of the Hon. High court vide the reference cited as (2) above. In the above Judgment the paragraphs 1,4,6 and 7 reiterates that *// the Director of Collegiate Education entertains any doubt regarding the compliance with the requirements of appointment and approval of the teacher, the matter can be referred to the University.*

*"The University will have to examine the issue in detail and to give reply to the Director of Collegiate Education. The decision taken by the University will be binding on the Director. Depending on the decision, the salary of the teacher will have to the disbursed. "*

The Judgments, referred as (3) and (4) are also proclaiming that the salary of the teachers should be admitted, provided the University approves their appointments.

Despite clear provisions laid down in the act and statutes and binding judgments on the part of courts, the Deputy Directors of Collegiate Education are not admitting the salary of teachers whose appointments are duly approved by the Universities concerned. In all cases where the teachers have approached the courts, favorable orders have been issued.

The Deputy Director of Collegiate Education, Thrissur has stopped the disbursal of salary from the month of April 2006 onwards to ten teachers of SN College Nattika who were receiving their salaries for the last eight months stating that they should get concurrence from the Government.

In this context I appeal to you to give a general direction to disburse the salary of all the teachers, whose appointments are approved by the University.

Thanking you,
Yours faithfully

**R. Mohana kumar**
General Secretary, AKPCTA

## The All kerala Private College Teachers' Association

### സർവകലാശാലാ-കോളജ് അദ്ധ്യാപക സംയുക്ത സമരസമിതി

എ. കെ. പി. സി. ടി. എ. സംസ്ഥാന കമ്മിറ്റി ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം - 35

തിരുവനന്തപുരം
24.03.2006

ബഹു. മുഖ്യമന്ത്രി
കേരള സർക്കാർ

സർ,

വിഷയം: യു. ജി. സി./ എ. ഐ. സി. ടി. ഇ. തുടങ്ങിയ സ്കീമുകളനുസരിച്ച് ശമ്പളം ലഭിക്കുന്ന സർവകലാശാലാ - കോളജദ്ധ്യാപകർക്ക് 50 ശതമാനം ക്ഷാമബത്ത അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച്

സൂചിക:
1. GI. MF. OM No. 105/1/2004.1/c dated 1-3-2004
2. U. G. C. Letter No. F. 3-7/2004 (PS) dated 4-8-2004
3. GO (P) No. 384/2005/Fin dated 16.8.05
4. G. O. Ms (Govt. of Tamil Nadu) No. 105 dated 7th February 2006
5. G. O. (P) No. 125/06/Fin dated 17.3.2006

സൂചിക 1 പ്രകാരം 2004 ഏപ്രിൽ 1 മുതൽ കേന്ദ്ര ജീവനക്കാർക്ക് ക്ഷാമബത്തയുടെ 50 ശതമാനം അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചുകൊണ്ടും അത് Dearness pay ആയി പ്രത്യേകം നിലനിറുത്തിക്കൊണ്ടും ഉത്തരവായിരുന്നു. സൂചിക 2 പ്രകാരം സർവകലാശാലാ - കോളജദ്ധ്യാപകർക്കും ഇത് ബാധകമാക്കിക്കൊണ്ട് യു. ജി. സി. ഉത്തരവിറക്കുകയുണ്ടായി. ഒട്ടുമിക്ക സംസ്ഥാനങ്ങളിലും സർവകലാശാലകളിലേയും കോളജുകളിലേയും അദ്ധ്യാപകർക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ട്. കേരളത്തിലും അദ്ധ്യാപക സംഘടനകൾ ഈ ഉത്തരവ് നടപ്പിലാക്കിക്കിട്ടാൻ യഥാസമയം സർക്കാരിന് നിവേദനം നൽകിയിരുന്നു. എന്നാൽ നാളിതുവരെ അനുകൂലമായ ഉത്തരവ് ഉണ്ടായിട്ടില്ല.

സൂചിക 3 പ്രകാരം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഇടക്കാലാശ്വാസവും സർവകലാശാലാ - കോളജദ്ധ്യാപകർക്ക് നിഷേധിക്കുകയുണ്ടായി. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് 2005 ഡിസംബർ 3 ന് സെക്രട്ടറിയേററ് മാർച്ചും ധർണ്ണയും, 2006 ഫെബ്രുവരി 21 ന് നിയമസഭാ മാർച്ചും നടത്തിയിരുന്നു. അന്നേ ദിവസം നിയമസഭയിൽ വിദ്യാഭ്യാസമന്ത്രി നടത്തിയ പ്രസ്താവന അനുസരിച്ച് അദ്ധ്യാപകസംഘടനകളുമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് 22-02-2006 ന് തന്നെ ഞങ്ങൾ മന്ത്രിക്ക് കത്ത് നൽകിയിരുന്നു. നിയമസഭയിൽ നൽകിയ വാക്ക് മന്ത്രി പാലിച്ചിട്ടില്ല.

സൂചിക 5 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചപ്പോഴും യു. ജി. സി./എ. ഐ. സി. ടി ഇ ശമ്പളം വാങ്ങുന്ന സർവകലാശാലകളിലേയും കോളജുകളിലേയും അദ്ധ്യാപകരെ ഒഴിവാക്കിയിരിക്കുകയാണ്. പ്രസ്തുത ഉത്തരവ് പ്രകാരം 59 ശതമാനം ഡി. എ. ലയിപ്പിച്ചുകൊണ്ടുള്ള ആനുകൂല്യമാണ് ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. ഈ പരിഷ്ക്കാരം മൂലം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ യു. ജി. സി./ഐ. ഐ. സി. ടി. ഇ. വിഭാഗത്തിലുൾപ്പെട്ട അദ്ധ്യാപകരുടേയും കേരള സംസ്ഥാന ജീവനക്കാരുടേയും അടിസ്ഥാന ശമ്പളത്തിലും ഏറെ പിന്നോക്കം പോയിരിക്കുന്ന സ്ഥിതിയാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തുള്ള അദ്ധ്യാപകർക്കിന്നുള്ളത്.

സൂചന 5 പ്രകാരം വിശദമായ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ അതോടൊപ്പമെങ്കിലും യു. ജി. സി./ എ. ഐ. സി. ടി. ഇ. ശമ്പള ഘടനയിൽ നിൽക്കുന്ന അദ്ധ്യാപകർക്ക് 50% ഡി. എ. ലയിപ്പിച്ചുകൊണ്ടുള്ള ഉത്തരവും സംസ്ഥാന ശമ്പള ഘടനയോടൊപ്പം ലഭ്യമാക്കേണ്ടുന്ന വീട്ടുവാടക തുടങ്ങിയ അലവൻസുകൾ നൽകിക്കൊണ്ടുള്ള ഉത്തരവും പുറപ്പെടുവിക്കാൻ ആവശ്യമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രൊഫ. ആർ. മോഹനകുമാർ**
ജനറൽ സെക്രട്ടറി
എ. കെ. പി. സി. ടി. എ

**ഡോ. മുഹമ്മദ് കുഞ്ഞ്**
ജനറൽ സെക്രട്ടറി
എ. കെ. ജി. സി. ടി.


**ഡോ. എ. ആർ. രാജൻ**
ജനറൽ സെക്രട്ടറി
എഫ്. യു. ടി. എ

# എ. കെ. പി. സി. ടി. എ
# എം. ജി. സർവ്വകലാശാല സെനററ് സ്ഥാനാർത്ഥികൾ


472 A.S. VARGHESE
CMS. College,
Kottayam



789 RAJASEKHARAN PILLAI. P.
D.B. College,
Pampa



896 M. GEORGE SEBASTIAN
KE. College
Mannanam




956 RAJAN GEORGE PANICKER
K.G. College,
Pampady




1079 PAULSON JOHN
M. A. Engineering,
Kothamangalam



1782 DR. K.E. ABRAHAM
S.B. College,
Chenganacherry




1871 K. RADHAKRISHNAN NAIR
S. V. R. N.S.S College,
Vazhoor



1984 V. M. GEORGE
S. H. College,
Thevara



2157 DR. P.S. MOHANAKUMAR
Sree Sankara College,
Kalady




2277 DR. K. P. SUKUMARAN NAIR
S.D. College,
Kanjirappally



2609 PHILIP CHACKO
St. Stephens,
Uzhavoor




2713 DANIELKUTTY K.
St. Thomas College
Kozhencherry



2822 M.P. VIJAYALAKSHMI
St. Xaviers College
Aluva



2910 SEBASTIAN. K. ANTONY
St. Albert's College
Ernakulam



3150 DR. RAJAN VARUGHESE
U.C. College,
Aluva



## ഇവരെ വിജയിപ്പിക്കുക

R.No. 36025/81
No. 198

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2006-2008
Rs. 11/-
JUNE 2006

# OLYMPUS

## ACADEMY OF PROFESSIONAL EXAMINATIONS

59, Neethi Nagar, Chemmanmukku, Pattathanam P.O., Kollam-691 021
☎ 0474-2761051, 2733143. E-mail : info@olympusacademy.com
www.olympusacademy.com

## ACADEMIC YEAR 2006-07

### Classes commenced - Admission Continues...

**CA (PE-I) with B.Com**
Eligibility : +2 or equivalent

**CA (PE-II)**
Eligibility : Commerce Graduate 50% marks
Maths Graduate 60% marks
Any other Graduate 55% marks

**ICWAI (Inter)**
Eligibility : Degree in any subject

**B.Com** (K U) Eligibility : +2 or equivalent

**M.Com** (IDE, K U) Eligibility : B.Com. Degree

## Our Achievement in the last year

Five Students of Our Academy have passed **PE-I** (CA Foundation) and **PE-II** (CA Intermediate) Examination


KANNAN P. KUMAR
PE-II (ROLL NO.42261)


PRATHIBHA ANTO
PE-I (ROLL NO.24005)


GEENA ANNA THOMAS
PE-I (ROLL NO.23981)


RAVI SANKAR. S
PE-I (ROLL NO.15306)


AJU JACOB
PE-I (ROLL NO.13961)

**Excellent Faculty, Good Library, Efficient Coaching**

*Maximum 30 students in a class*

The only Institution at Kollam imparting Coaching for both CA and ICWAI Students.

*Director :* **P.Haridasan**
M.Sc. (Maths), M.Com, PGDFM, AICWA, AASM

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm, Ph: 0471-3012141 Chief Editor: S. Jayaraj kumar